Kandanad
Diocesan Bulletin

Vol. 12, No. 9, 15 September 2024

എഡിറ്റോറിയൽ

# പെരുന്നാളുകളുടെ ആത്മാവിനെ കണ്ടെത്തുക

നമ്മുടെ പെരുന്നാളുകളും അതിന്റെ നടത്തിപ്പും ആത്മവിമർശനത്തോടെ കാണേണ്ട സമയമാണ് ഇത്. കാരണം ഒരു ക്രിസ്തീയ സമൂഹം എന്ന നിലയിൽ നാം നടത്തുന്ന ഓരോ ആഘോഷങ്ങളും എല്ലാവരാലും ശ്രദ്ധിക്കപ്പെടുന്നതും വിലയിരുത്തപ്പെടുന്നതും ആണ്. എല്ലാ ആഘോഷങ്ങൾക്കും അതിന്റേതായ പ്രാധാന്യവും പ്രസക്തിയും മത-സാമൂഹ്യ ജീവിതത്തിൽ ഉണ്ട് എന്നുള്ളത് ശരിയാണ്, അതുപോലെ മനുഷ്യരുടെ സാമൂഹ്യ ജീവിതത്തെ മുന്നോട്ട് നയിക്കുന്നതിലും ആഘോഷങ്ങൾക്ക് നിർണായകമായ പങ്കുണ്ട്. ആഘോഷങ്ങൾ (celebrations) ഇല്ലാത്ത സാമൂഹ്യ-മത ജീവിതം എത്ര വിരസമായിരിക്കും എന്ന് അനുഭവിക്കുമ്പോഴെ മനസിലാവുകയുള്ളൂ. അതായത് പെരുന്നാളും അതിലെ ആഘോഷങ്ങളും വേണ്ട എന്നല്ല പറയാൻ ശ്രമിക്കുന്നത്, പെരുന്നാളുകളുടെ ആത്മാവ് നഷ്ടപ്പെടുത്തുന്ന പലതും കടന്ന് കൂടുന്നതിന് എതിരെ ജാഗ്രത പുലർത്തുകയും നിലവിലുള്ള പല പ്രവണതകളും തിരുത്തുകയും ചെയ്യുകയുമാണ് പ്രധാനം.

ഈയൊരു ഘട്ടത്തിൽ ഇങ്ങനെ ചിന്തിക്കാൻ കാരണം കേരളത്തിലെ ക്രൈസ്തവ സഭകളിലെ പെരുന്നാളുകളും മറ്റ് ആഘോഷങ്ങളും അതിര് വിടുന്നുണ്ടോ എന്ന സ്വഭാവികമായ സംശയം കൊണ്ടാണ്. വാസ്തവത്തിൽ ഓരോ പെരുന്നാളുകളും വിശ്വാസ സമൂഹത്തിന്റെ ആത്മ നവീകരണത്തിനും സഭ നിർവ്വഹിക്കേണ്ട പൊതു സാക്ഷ്യത്തിനും വേണ്ടിയാണ് നടത്തുന്നത്. എന്നാൽ ഇന്ന് പെരുന്നാളുകൾക്ക് ഒരു ആഘോഷം (Celebration) എന്നതിലപ്പുറം മറ്റൊന്നും പൊതു സമൂഹത്തിലേക്ക് സന്നിവേശിപ്പിക്കാൻ കഴിയാതെ പോകുന്നുണ്ട് എന്നതും വിശ്വാസികളുടെ വിശ്വാസ നവീകരണത്തിന് ഇവയൊന്നും സഹായിക്കുന്നില്ല എന്നതുമാണ് ഇങ്ങനെ ചന്തിക്കാൻ പ്രേരിപ്പിക്കുന്നത്. പെരുന്നാളുകൾ വിശ്വാസിയുടെ അനുഷ്ഠാനപരമായ ഉത്തരവാദിത്വം ആയും കാണുന്നുണ്ട്. എന്നൽ അതിലുപരി സഭാ ജീവിതത്തിന്റെ ആന്തരിക ചലനാത്മകത (inner dynamics) വീണ്ടും പുതുക്കുന്നതാണ് ഓരോ പെരുന്നാൾ ആഘോഷങ്ങളും. പെരുന്നാളുകൾ നടത്തുന്നത് വഴിയും പങ്കാളികളാകുന്നത് വഴിയും നടക്കേണ്ടത് ഇത് തന്നെയാണ്. പെരുന്നാളുകൾക്കുവേണ്ടി വരുന്ന സാമ്പത്തികച്ചിലവുകൾ, പ്രചരണങ്ങൾ, ശബ്ദ-വെളിച്ച-വർണ്ണപ്പൊലിമകൾ ഇങ്ങനെ ഓരോന്നും അതിന്റെ ആത്മാവിനെ കെടുത്തിക്കളയുന്നു എന്നത് നിസ്തർക്കമാണ്. ഗീവറുഗീസ് സഹദായുടെ പെരുന്നാൾ ആഘോഷിക്കുന്ന പ്രമുഖ പള്ളികൾ തമ്മിൽ ആഘോഷത്തിന്റെ കാര്യത്തിലും പ്രശസ്തിയുടെ കാര്യത്തിലും ഇന്ന് മത്സരമാണ്. വിശ്വാസികളുടെ സാന്നിധ്യം കൂടുന്നതിനും പ്രശസ്തി വർദ്ധിപ്പിക്കുന്നതിനും ഫ്ളെക്സ് അടിച്ച് ഓരോ മുക്കിലും മൂലയിലും പ്രദർശിപ്പിക്കുന്നതും ഇന്ന് കണ്ട് വരുന്ന പ്രതിഭാസമാണ്. വിശുദ്ധന്റെ പെരുന്നാളിന് പ്രചരണം ആവശ്യമായി വരുന്നു എന്നതിന്റെ മറുപുറം അർത്ഥപൂർണ്ണമായ സാക്ഷ്യജീവിതം നമുക്ക് സംഭാവന ചെയ്യാൻ കഴിയുന്നില്ല എന്നത് കൊണ്ടല്ലേ പ്രചരണവും പരസ്യവും ആവശ്യമായിവരുന്നത്. ആത്മനവീകരണം ഇല്ല എന്ന് മാത്രമല്ല, ഇങ്ങനെയൊക്കെ ചെയ്യുന്നത് വഴി നാം പെരുന്നാളുകളുടെ പ്രസക്തിയെത്തന്നെ ഇടിച്ച് കളയുകയാണ് എന്നത് തർക്കമില്ലാത്ത കാര്യമാണ്.

ദേവാലയങ്ങൾ സ്ഥാപിതമായ ഇടവക മദ്ധ്യ

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karamel**

*Mg. Editor*
**Mr. P. J. Varghese**

*Members*
**Fr. Marydas Stephen**

**Fr. Alias Kuttiparichel**

**Fr. Shibu Kurian**

**Fr. Binoy John**

**Prof. Dr. M. P. Mathai**

**Mr. A. G. James**

**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

എഡിറ്റോറിയൽ — പേജ്
**പെരുന്നാളുകളുടെ ആത്മാവിനെ കണ്ടെത്തുക** ........ 1

**ആർഭാടത്തിന് ഒരു ആത്മീയ വിമർശനം-2** ........ 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ആർഭാടക്കാരന്റെ തിരിച്ചറിവ്** ........ 6
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ആദിമസഭയിൽ വി. പത്രോസിന്റെയും വി. പൗലൊസിന്റെയും പങ്ക്** ........ 7
ഫാ. ഏലിയാസ് കെ. വി.

**ശിഷ്യൻ: പാനപാത്രത്തിന്റെ പങ്കുകാരൻ** ... 9
ഫാ. സിബി മാത്യു വർഗീസ്

**ജീവിത നൈപുണികൾക്കൊരു മാതൃക** .. 11
ജിജി ജോൺസൺ

**1924-2024 ഒരു നൂറ്റാണ്ടിങ്ങനെ പെയ്തൊഴിയുന്നു** ........ 13
എസ്. പി. രവി ചാലക്കുടി

സ്ഥന്റെ ഓർമ്മദിനങ്ങൾ ദേവാലയ സ്ഥാപനത്തിന്റെ ഓർമ്മദിനങ്ങൾ സഭയുടെ ചരിത്രത്തിലെ മറ്റുചില സംഭവങ്ങളെ ഓർക്കുന്നതിനുവേണ്ടിയുള്ള ദിനങ്ങൾ തുടങ്ങി വിവിധ സുപ്രധാന അനുസ്മരണങ്ങൾ ആണ് ഓരോ പെരുന്നാളുകളും. പെരുന്നാളുകൾ ആരംഭിച്ച സമയത്തെ അതേ ആവേശവും താത്പര്യവും നിലനിർത്താൻ ഒരുപക്ഷേ കഴിയാതെ വന്നേക്കാം. എന്നാൽ കാലാനുസൃതമായി നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ ഇതിന് അർത്ഥവും ലക്ഷ്യവും കണ്ടെത്തുക എന്നതാണ് നമ്മുടെ മുൻപിലെ വെല്ലുവിളി. ആഘോഷങ്ങളെ അർത്ഥപൂർണമാക്കാൻ വിശ്വാസ-സാക്ഷ്യജീവിതത്തിന്റെ അടിസ്ഥാനത്തിൽ പുതിയ അന്വേഷണങ്ങൾ ആവശ്യമാണ്.

സഭയുടെ ചരിത്രത്തിൽ പെരുന്നാളുകളുടെ മാതൃക പഴയനിയമ യഹൂദ മതചരിത്രവുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. പഴയനിയമ പെരുന്നാളുകളായ പെന്തക്കൊസ്തി പെരുന്നാൾ, പെസഹാ പെരുന്നാൾ, കൂടാരപ്പെരുന്നാൾ എന്നീ പെരുന്നാളുകൾക്ക് പുതിയനിയമം പുതിയ അർത്ഥവും ലക്ഷ്യവും ആണ് നൽകുന്നത്. പെരുന്നാളുകളുടെ പൊതുഘടന പഴയനിയമ പെരുന്നാളിന് സമാനം എങ്കിലും അതിന് യേശുക്രിസ്തുവിൽ പുതിയ അർത്ഥം കണ്ടെത്തുന്നു. പെന്തക്കൊസ്തി പെരുന്നാളിന് യഹൂദ ചരിത്രത്തിന്റെ നീണ്ടകാല ചരിത്രത്തിൽത്തന്നെ പല അർത്ഥങ്ങൾ നൽകുന്നുങ്ങ്. ഓരോ ചരിത്ര ഘട്ടത്തിലും ജനതകളോട് അർത്ഥവത്തായി സംവദിക്കാൻ സാധിക്കുന്ന നിലയിൽ പുതിയ അർത്ഥങ്ങൾ എപ്പോഴും നൽകിപ്പോന്നു. യേശുവിന്റെ കാലം ആയപ്പോഴേക്കും ആദ്യഫല പെരുന്നാളായിട്ടാണ് പെന്തക്കൊസ്തി പെരുന്നാളിനെ കരുതിപ്പോന്നത്. എന്നാൽ പുതിയനിയമ കാലഘട്ടത്തിൽ അതേ പെരുന്നാൾ ദിവസം അപ്പോസ്തോലന്മാരുടെ സംഘത്തിന് പരിശുദ്ധാത്മ അഭിഷേകത്തിന്റെ പുതിയ സംഘബോധം നൽകപ്പെട്ടു. മോശയുടെ നേതൃത്വത്തിലുള്ള കനാൻ യാത്രയിലെ കൂടാര (Tent) ജീവിത സ്മരണ പുതിയ നിയമത്തിൽ രൂപാന്തരീകരണ ജീവിതത്തിന്റെ നേർച്ചിത്രമായി മാറി. പുതിയ നിയമത്തിൽ യേശുക്രിസ്തുവിൽ എല്ലാ പെരുന്നാളുകളെയും പുനർവ്യാഖ്യാനിച്ചു എന്നതും പെരുന്നാളുകൾക്ക് വിശ്വാസപരമായി നിലനിൽക്കേണ്ട തുടർച്ച നിലനിർത്തി എന്നതും പ്രധാനമാണ്.

നമ്മുടെ പെരുന്നാളുകൾ അർത്ഥപൂർണ്ണമായി മാറുന്നത് അപ്പോസ്തോല കാലഘട്ടത്തിൽ പഴയനിയമ പെരുന്നാളുകൾക്ക് പുതിയ അർത്ഥവും ഉള്ളടക്കവും നൽകിയതുപോലെ സുവിശേഷ വെളിച്ചത്തിൽ നമ്മുടെ പെരുന്നാളുകളെ പുനരാഖ്യാനം ചെയ്യുക എന്നത് തന്നെയാണ് പ്രധാനം. നവീകരിക്കപ്പെട്ട വിശ്വാസ സമൂഹവും അവരുടെ സാക്ഷ്യജീവിതവും തന്നെയാണ് നമ്മുടെ പെരുന്നാളുകളുടെ മുഖമുദ്രയാകേണ്ടത്.

*ഫാ. എബ്രഹാം കാരാമ്മേൽ*

# ആർഭാടത്തിന് ഒരു ആത്മീയ വിമർശനം-2

ആഡംബരത്തിന്റെ വിപരീത പദം മിതത്വം, ലാളിത്യം എന്നിവയാണ് എന്നതിൽ എതിരഭിപ്രായം ആർക്കും ഉണ്ടാകാനിടയില്ല. ആഡംബരജീവിതം പരിസരസമ്മർദ്ദത്തിന് വിധേയപ്പെടലും ലാളിത്യം അതിനോടുള്ള പോരാട്ട ആർജ്ജിതസമീപനവും ആണ്. മത-രാഷ്ട്രീയ-സാമൂഹ്യമേഖലകൾ പൊതുവേ ആത്മീയ-സേവന മേഖലകൾ ആയതുകൊണ്ട് അവിടെ ധാരാളിത്തം ആ മേഖലകളുമായി പൊരുത്തപ്പെടുന്നതായി തോന്നുന്നില്ല. ചുരുങ്ങിയത് ആ മണ്ഡലങ്ങളിൽ വ്യാപരിക്കുന്നവർ ലാളിത്യം പാലിക്കുന്നത് പ്രവർത്തനമേഖലയോടുള്ള സത്യസന്ധതയുടെ ഭാഗമാണ്. അതുകൊണ്ട് മത-സേവന മേഖലകളിലെ ആഡംബരത്തെ ആത്മീയവിമർശനത്തിന് വിധേയമാക്കുമ്പോൾ ആ രംഗത്തുള്ളവർക്ക് പരിക്കേല്ക്കുന്നത് സ്വാഭാവികമാണ്. അതിൽ പരിഭവിക്കുന്നതിന് നീതീകരണം ഉണ്ട് എന്നു തോന്നുന്നില്ല.

ആർഭാടവും വങ്കത്തവും രക്ഷാ-സേവന രംഗങ്ങളുമായി പൊരുത്തപ്പെടുന്നില്ല. അതുകൊണ്ട് ലാളിത്യത്തെ ഒരു ആത്മീയ കാര്യമായി മനസ്സിലാക്കണം. ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് മാതൃകയും മാർഗ്ഗദർശിയും യേശുവാണ്. വളച്ചുകെട്ടില്ലാത്ത ഋജുവായ സംസാരരീതി, ഔപചാരികതയില്ലാത്ത പെരുമാറ്റം (സഖായി, അന്ധൻ, അനുഗ്രഹിക്കപ്പെടുവാൻ എത്തുന്ന കുഞ്ഞുങ്ങൾ, പാദം സുഗന്ധതൈലം പൂശുന്ന സ്ത്രീകൾ എന്നിവർ ഉദാഹരണങ്ങൾ) എന്നിവയെല്ലാം യേശുവിന്റെ രീതിയാണ്. വഴിയോരങ്ങളിൽ കൂടുന്ന സാധാരണക്കാരോട് സംവദിക്കുന്ന, പാതയോരത്ത് നിന്ന് മേൽവിലാസമില്ലാത്തവരോട് ദൈവരാജ്യമർമ്മങ്ങൾ പങ്കുവയ്ക്കുന്ന, കിണർ വക്കിൽ ഇരുന്ന് പൊതുജനസമ്മിതിയില്ലാത്ത സ്ത്രീയോട് വേദശാസ്ത്രസംഭാഷണം നടത്തുന്ന, ചുങ്കക്കാരോടും പാപികളോടും ഒപ്പം പന്തിഭോജനം ചെയ്തു കൂട്ടായ്മ യാഥാർത്ഥ്യമാക്കുന്ന ആ നല്ല ഇടയനെ അനുകരിക്കേണ്ട ആത്മീയ അധികാരികൾക്കും രാഷ്ട്രീയ മാടമ്പിമാർക്കും അതു സാധിക്കാത്തതാണ് പ്രശ്നം. അവർ നന്നായാൽ ആർഭാടതത്പരരായ വ്യവസായികൾക്കും ഭൂവുടമകൾക്കും മാതൃകയാകും. യേശുവും യോഹന്നാൻ സ്നാപകനും വിമർശനസ്വരം ഉയർത്തിയത് പൊള്ളയായ മതനേതൃത്വത്തിനും അനീതി പ്രവർത്തിക്കുന്ന രാഷ്ട്രീയ അധികാരികളെയും ലക്ഷ്യമാക്കിയാണല്ലോ. യേശുവിന്റെ ഈ അകൃത്രിമ ജീവിതം അദ്ദേഹത്തിന്റെ പ്രകൃതമായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ പിൻഗാമികൾ എന്ന് അവകാശപ്പെടുന്നവർക്ക് അത് ബാധകമാകുന്നത് സ്വാഭാവികം. അത് വെല്ലുവിളിയായി കാണാതെ അവർ സ്വന്തം ജീവിതശൈലികൊണ്ട് ക്രിസ്തുവിനെ മറയ്ക്കുകയും തമസ്കരിക്കുകയും ചെയ്യുന്നു. ഇതിന് ന്യായം കണ്ടെത്തുക പ്രയാസം.

ലാളിത്യം ആകർഷകവും ബോദ്ധ്യവുമായി പരിണമിച്ചാലേ ആർക്കും ആർഭാടജീവിതത്തിൽ നിന്ന് പിന്തിരിയാനാവൂ. ലാളിത്യവും ആഡംബരവും വ്യത്യസ്തവും വിരുദ്ധവുമായ മാനസികാവസ്ഥയുടെ സാമൂഹ്യ പ്രതിഫലനങ്ങളാണ്. സഭയെയും നേതൃത്വത്തെയും നിയന്ത്രിക്കേണ്ടത് ധാർമ്മിക-വിശ്വാസ മൂല്യങ്ങളാണ്. പരിഷ്കൃതലോകത്തിന്റെ സംസ്കാരമാന ദണ്ഡങ്ങളെ തിരസ്കരിച്ച സ്നാപകനെയും ലളിതജീവിതം കൊണ്ട് ജനത്തെ ആകർഷിച്ച നസ്രായനെയും സഭയും സമൂഹവും തകർച്ചകൾ നേരിടുന്ന ആനുകാലികലോകത്ത് അവതരിപ്പിക്കേണ്ടവരെ കാണുമ്പോൾ കൊട്ടാരത്തിന് തീ പിടിച്ചപ്പോൾ വിവരം ലോകത്തെ അറിയിക്കാൻ ഇറങ്ങിയ കൊട്ടാര വിദൂഷകരെയാണ് ഓർമ്മ വരിക. അവരുടെ അവതരണം കണ്ട് കാര്യം മനസ്സിലാകാത്ത ജനം ആഹ്ലാദിക്കുന്നു. കൊട്ടാരം കത്തി നശിക്കുകയും ചെയ്യുന്നു. ജീവിത ലാളിത്യം ജീവിതശൈലിയായാലേ ജീവിതമേഖലകളിൽ ഉദ്ദേശിക്കുന്ന വ്യതിയാനം നടക്കൂ. തങ്ങളുടെ ആർഭാടജീവിതം കൊണ്ട് മറ്റുള്ളവരെ വിസ്മയഭരിതരാക്കി ആദരവും ആരാധനയും നേടുന്നതിൽ ശ്രദ്ധിക്കുന്നവർക്ക് സമൂഹത്തിൽ ഒരു മാറ്റവും വരുത്താനാവില്ല. പരിസരം നശിക്കുന്നതിൽ വ്യഥയൊന്നും തോന്നാതിരിക്കുന്നവർക്ക് ശൈലി മാറ്റം എളുപ്പമല്ല. സാമൂഹ്യപരിസരത്ത് ജീവിത ലാളിത്യം കൊണ്ട് സ്വയം വെല്ലുവിളിയാകുവാൻ കഴിഞ്ഞെങ്കിലേ സമൂഹപരിവർത്തനത്തിനും ജീവിതമാറ്റത്തിനും സാധ്യതയുള്ളൂ. അതിന് ധാരാളിത്തവും ആഡംബരഭ്രമവും അവജ്ഞയോടെ നോക്കി കാണുകയും അത് പ്രകടിപ്പിക്കുകയും ചെയ്യുന്ന സമൂഹത്തിലെ ഒരു വിഭാഗത്തിന്റെയെങ്കിലും രൂപപ്പെടലിനും ഇത് സഹായകമാകും. മൂല്യബോധവ്യതിയാനത്തിലൂടെ ലാളിത്യത്തിന്റെ ആസ്വാദനവും പരസ്യവിമർശനവും നടക്കുന്ന സാഹചര്യത്തിൽ മാത്രമേ നേതൃത്വത്തിന്റെ കാഴ്ചപ്പാടിൽ വ്യതിയാനം പ്രതീക്ഷിക്കേണ്ടതുള്ളൂ.

മനുഷ്യജീവിതത്തിന്

തൃപ്തി (satisfaction) കിട്ടുന്നതിന് ധനസമ്പാദനം, അധികാരപ്രയോഗം, ആഡംബരം എന്നിവ ആവശ്യമാണ് എന്ന ചിന്ത വ്യാപകമായിട്ടുണ്ട്. സത്യത്തിൽ അർത്ഥവത്തായ ജീവിതമാണ് മനുഷ്യജീവിതത്തിന് ധന്യത നൽകുന്നത്. തിന്മകളോട് കലഹിക്കുന്ന മനസ്സ്, നീതിപൂർവ്വം ജീവിക്കാൻ പ്രേരണ നൽകുന്ന മതചിന്ത, ലഭ്യമായതിൽ മതിപ്പ് കണ്ടെത്തുന്ന ഹൃദയം, നേർചിന്ത ഉയരുന്ന മസ്തിഷ്കം എന്നിവയെല്ലാമാണ് ജീവിതത്തെ തൃപ്തവും ആസ്വാദ്യകരവും ആക്കുന്നത്. ആർഭാടജീവിതം നയിച്ച് അനന്തമായ സുഖഭോഗങ്ങളെ പറ്റിയുള്ള സ്വപ്നങ്ങൾ മെനയുന്ന മനുഷ്യന് ജീവിതത്തിൽ അനുഭവപ്പെടുന്നത് വ്യർത്ഥതയും വിരസതയും ആയിരിക്കും. ഇത് തൃപ്തമായ ജീവിതത്തിലേക്ക് മനുഷ്യനെ നയിക്കില്ല എന്നത് ഉറപ്പാണ്.

എന്തിനാണ് ലാളിത്യം? ക്രയശേഷി അനുസരിച്ച് ആർഭാടമായി ജീവിക്കുന്നതിൽ എന്ത് പിശകാണുള്ളത് എന്ന് സംശയിക്കുന്നവർ ഉണ്ടാകാം. ഇവിടെ മനുഷ്യന് ധനവിനിയോഗത്തിന്റെ മാനദണ്ഡം ധാർമ്മികതയല്ല; affordability യാണ് എന്നുവരുന്നു. സാമ്പത്തിക ശേഷി അനുസരിച്ച് ആർഭാടമാകാം എന്ന ചിന്ത ധാർമ്മികതയുമായി പൊരുത്തപ്പെടുന്നില്ല. അനുകരണ ആസക്തിയും ആഡംബര ഭ്രമവും ധനവരുമാനത്തിന്റെ മാനദണ്ഡമാകുമ്പോൾ അതിന്റെ ധാർമ്മിക വശം അവഗണിക്കപ്പെടുന്നു. സാമ്പത്തിക അസമത്വവും അനീതിയും ദാരിദ്ര്യവും നിലനിൽക്കുന്ന സമൂഹത്തിൽ ചുറ്റുപാടുകളുടെ അവസ്ഥ അവഗണിച്ച് ആഡംബരാസക്തി പ്രകടിപ്പിക്കുന്നതിന് നീതീകരണം കണ്ടെത്താനാവില്ല.

അടുത്തകാലത്ത് അന്തരിച്ച ഈസ്റ്റേൺ ഓർത്തഡോക്സ് ബിഷപ്പും ദൈവശാസ്ത്രജ്ഞനുമായ കലിസ്റ്റോസ് വെയർ എക്യുമെനിക്കൽ പാത്രിയർക്കീസ് പരിശുദ്ധ ദിമിത്രിയോസ് അയച്ച ക്രിസ്മസ് എൻസൈക്ലിക്കായിലെ രണ്ടു പദങ്ങൾ ഈ വിഷയം സംബന്ധിച്ച് ബന്ധമുള്ളതായി ചൂണ്ടിക്കാണിക്കുന്നു. ഈ പദങ്ങൾ താപസികം/സന്ന്യാസികം (ascetic), സ്തോത്രപ്രതിരണകം (eucharistic) എന്നിവയാണ്. ഇതിൽ ഒന്നാമത്തെ പദം അദ്ദേഹം ഇങ്ങനെ വിശദീകരിക്കുന്നു. ഒരു മനുഷ്യൻ ഭൗതികവസ്തുക്കളെ രണ്ടു വിധത്തിൽ കാണുന്നു. ഒന്ന് ലഭ്യമായത് (available). മറ്റൊന്ന് ആവശ്യ (need) മായത് എന്നിവയാണവ. ലഭ്യമായത് സകലതും മനുഷ്യന് ആവശ്യമുള്ളതല്ല. അവയെല്ലാം ആർജ്ജിക്കുന്നത് മനുഷ്യനും സമൂഹത്തിനും സൗഖ്യം നൽകുന്നുമില്ല. അത് മനുഷ്യനിലും സമൂഹത്തിലും വ്യക്തിയും സമൂഹവും തമ്മിലും ഉള്ള ബന്ധത്തിലും വിഭജനം സൃഷ്ടിച്ച് അസ്വസ്ഥത ഉണ്ടാക്കുന്നു. സൗഖ്യം എന്നത് മനുഷ്യനിലും സമൂഹത്തിലും ഉള്ള ഐക്യാനുഭവമാണ്. മനുഷ്യന്/സമൂഹത്തിന് ആവശ്യം സന്ന്യാസിക (ascetic) സമീപനമാണ്. ഇവിടെ മനുഷ്യന്റെ/സമൂഹത്തിന്റെ ജീവിതത്തിനും പുലർച്ചയ്ക്കും ഉള്ള ഭൗതികസാഹചര്യങ്ങൾ കാർക്കശ്യപൂർവ്വം തിരഞ്ഞെടുക്കുന്നതുവഴി വ്യക്തിയിലും സമൂഹത്തിലും തൃപ്തിയും സമാധാനവും കൈവരുമത്രേ. അതാണ് സൗഖ്യത്തിന് മാനദണ്ഡവും അടിസ്ഥാനവും. എല്ലാം സ്വായത്തമാക്കാനുള്ള ആസക്തി സമൂഹത്തിൽ സൗഖ്യം അല്ല വിഭജനവും അസ്വസ്ഥതയും സ്വാഭാവികമായി സൃഷ്ടിക്കും. ഈ സമീപനം നാശകാരി (disastrous) യാണ് എന്നു മാത്രമല്ല പ്രത്യുത വസ്തുവകകൾ സൃഷ്ടിക്കുന്ന ആശ്രയബോധം (dependence) മനുഷ്യന്റെ സ്വാതന്ത്ര്യത്തെ അപകടത്തിലാക്കുകയും ചെയ്യുന്നു. ആർഭാടജീവിതത്തെ നിയന്ത്രിക്കുകയെന്ന സന്ന്യാസിക സമീപനമാണ് മനുഷ്യന് സൗഖ്യദായകം. ഈ സമീപനം ലാളിത്യത്തിന്റേതാണ്. ലബ്ധമായ പരിമിതസൗകര്യങ്ങളിൽ ബോധപൂർവ്വമായ തിരഞ്ഞെടുപ്പു നടത്തി സന്തോഷവും ആത്മോത്കർഷവും കണ്ടെത്തി ദൈവത്തോട് പ്രകടിപ്പിക്കുന്ന സ്തോത്രപ്രകാശനം ആണ് യൂക്കറിസ്റ്റിക് (eucharistic) മനോഭാവം. അതായത് തിരഞ്ഞെടുപ്പിലൂടെ ലഭ്യമായ പരിമിതമായ ഭൗതികസൗകര്യങ്ങളിൽ സന്തോഷം കണ്ടെത്തുന്ന മനസ്സിലും ലാളിത്യജീവിതം നയിക്കുന്നതിനു മാത്രം ആവശ്യമായ വിഭവലബ്ധിയിലും തൃപ്തമായി ദൈവത്തോട് പ്രകടിപ്പിക്കുന്ന സമീപനം ആണ് സ്തോത്രപ്രതിരണകം (യൂക്കറിസ്റ്റിക്) എന്ന പദത്തിൽ പ്രകടമാകുന്നത്. മനുഷ്യമനസ്സിന് ധന്യത നൽകുന്ന ആരോഗ്യകരമായ മനോഭാവത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

ആത്മപ്രശംസ വിജൃംഭിപ്പിച്ച് മനുഷ്യന്റെ ആഡംബരതൃഷ്ണ ചൂഷണം ചെയ്യുന്നതിന് വിപണിക്ക് നിർണ്ണായക പങ്കാണുള്ളത്. നേതാക്കന്മാർ ചിലവുകൂടിയ യാത്രാവാഹനങ്ങൾ, പാർപ്പിടസൗക

### പ്രീമാര്യേജ് കൗൺസലിംഗ്

എല്ലാ മാസവും 2-ാം ശനിയാഴ്ച പാമ്പാക്കുട സമന്വയ സ്റ്റഡി സെന്ററിൽ വച്ച് പ്രീമാര്യേജ് കൗൺസലിംഗ് ഉണ്ടായിരിക്കുന്നതാണ്. ഈ മാസത്തെ കോഴ്സ് 2024 സെപ്റ്റംബർ 14-ാം തീയതി നടക്കും. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന കോഴ്സിന് ഫാ. എബ്രഹാം കാരാമ്മേൽ, ഡോ. പ്രിൻസ് സ്ലീബ, ഫാ. എഡ്വേർഡ് ജോർജ് എന്നിവർ നേതൃത്വം നൽകും. പങ്കെടുക്കേണ്ടവർ താഴെ പ്പറയുന്ന നമ്പറിൽ ബന്ധപ്പെടുക.

Contact number/whatsup: +91 94959 05479

ര്യങ്ങൾ, ആഡംബര-ആഘോഷ പ്രകടനങ്ങൾ ഇവയെല്ലാം അഭിമാനവിഷയമാക്കി വ്യക്തി/ഇടവക/സഭകൾ എന്നിവയുടെ അഭിമാനബോധം വളർത്തി അവയെ ചൂഷണവിധേയമാക്കുന്നു. ആവശ്യത്തിൽ കവിഞ്ഞ വലിപ്പത്തിൽ ആർഭാടപൂർണ്ണമായ ആസ്ഥാന മന്ദിരങ്ങൾ, ആരാധനാകേന്ദ്രങ്ങൾ, വാഹനങ്ങൾ എന്നിവ സ്വന്തമാക്കുന്നത് ആവശ്യമുണ്ടായിട്ടല്ല പ്രത്യുത അഹം വിജ്രംഭത്തിനാണ് എന്നത് ആർക്കും അറിയാം. ആഡംബര കാറുകൾ വാങ്ങി ലക്ഷക്കണക്കിന് രൂപ മുടക്കി കൗതുക (fancy) നമ്പർ പിടിപ്പിക്കുന്നത് യാത്രാസുഖ വർദ്ധനവിനുപോലും അല്ലല്ലോ. ഇത്തരക്കാരുടെ മാനസികാവസ്ഥയെ പ്രലോഭനത്തിലൂടെ ചൂഷണം ചെയ്യുന്നതിനാവശ്യമായ പരസ്യങ്ങൾ വിപണി ഇറക്കുന്നു. ആഡംബര കാർ കമ്പനിയുടെ പരസ്യം ശ്രദ്ധിക്കുക: we are selling self esteem. It makes you feel heavenly. ഇനി സ്വർഗ്ഗത്തിൽ പോയില്ലെങ്കിലെന്താ കുഴപ്പം! ഇനി സ്വർഗ്ഗം ഇല്ലേലും പ്രശ്നമില്ലല്ലോ (അല്ലെങ്കിൽ തന്നെ ഇവരിൽ എത്ര പേർ സ്വർഗ്ഗത്തിൽ വിശ്വസിക്കുന്നു). വീടുകളിൽ അംഗങ്ങൾ കുറയുമ്പോഴും വീടിന്റെ വലുപ്പവും സൗകര്യങ്ങളും കുറയ്ക്കുന്നില്ലല്ലോ! കാരണം അവയാണ് ഉടമസ്ഥന്റെ മൂല്യനിർണ്ണയമാനദണ്ഡങ്ങൾ. അമിതവ്യയം (extravagance) എന്നത് ഒരുതരം വിപണിയുടെ പ്രതിരോധിക്കാനാവാത്ത പ്രലോഭനമായി മാറുകയാണ്. മിതത്വം പാലിച്ച് ജീവിക്കുക എന്നത് സാധ്യമല്ലാതാക്കുകയാണ്. ഇവിടെ ഇതിന് തടയിടുവാനാവുന്നത് ബോധപൂർവ്വമായ ലാളിത്യജീവിതത്തിന്റെ തിരഞ്ഞെടുപ്പാണ് വേണ്ടത്. ആർഭാടം സാമൂഹ്യവിരുദ്ധം മാത്രമല്ല ദൈവഹിതമല്ലാത്തതുകൊണ്ട് രക്ഷയെ അപകടപ്പെടുത്തുന്നതും കൂടിയാണ്. അതുകൊണ്ട് ലാളിത്യം എന്നത് രക്ഷാമാർഗ്ഗം കൂടിയാണ് എന്ന് മനസ്സിലാക്കണം.

ആർഭാട-ആഡംബര ജീവിതം നയിക്കുന്നത് പരിസ്ഥിതിയുടെ നിലനിൽപ്പിന് ഏൽപ്പിക്കുന്ന ആഘാതം ചെറുതല്ല എന്നും ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇത്തരം ജീവിതശൈലിക്ക് ആവശ്യമായ അധിക ഊർജ്ജോത്പാദനം നടക്കുന്നത് പ്രകൃതിയുടെ ചിലവിലാണ്. മനുഷ്യന് ദൈവം പ്രകൃതിയെ ഏൽപ്പിച്ചിരിക്കുന്നത് അതിന്റെ സംരക്ഷണവും പരിപാലനവും ആണല്ലോ (ഉല്പ. 1:28). പാശ്ചാത്യനിലവാരമുള്ള ജീവിതം മാനദണ്ഡമാക്കിയിരിക്കുന്നവർ പ്രകൃതിക്കു കൊടുക്കേണ്ട ഭാരിച്ച വിലയെപ്പറ്റി അധികം ചിന്തിക്കുന്നില്ല. പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും സമാനതകളില്ലാതെ കൊള്ളയടിച്ചാൽ മാത്രമേ ആ നിലയിലേക്ക് ജീവിതനിലവാരം ഉയർത്താനാവൂ എന്നു മനസ്സിലാക്കാൻ സാമാന്യബുദ്ധി മാത്രം മതിയാകും. ഇത് ലോകത്തിന്റെ ഭാവിക്കും വരുംതലമുറയുടെ നിലനിൽപ്പിനും ഉയർത്തുന്ന ഭീഷണി ശ്രദ്ധിക്കപ്പെടാതെ പോകുന്നു. പ്രകൃതിചൂഷണത്തിലൂടെ മാത്രമേ ആർഭാടജീവിതം നയിക്കാനാവൂ എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. അങ്ങനെ ഭൂമിയുടെ ഭാവിയെയും വരും തലമുറകളെയും പ്രതിയെങ്കിലും ആർഭാടജീവിതരീതിയുടെ ഗതി മാറ്റിവിടാൻ കഴിയേണ്ടതാണ്. ലോകത്ത് ഉണ്ടാകുന്ന പ്രകൃതി ക്ഷോഭങ്ങളും ദുരന്തങ്ങളും മനുഷ്യന്റെ ആർഭാടജീവിതത്തിന്റെ ബാക്കിപത്രങ്ങളാണ്. അവയെ പ്രകൃതിയുടെ ഞരക്കവും പരാതിയും പ്രതിഷേധവുമായി കാണേണ്ടിയിരിക്കുന്നു. പ്രകൃതിദുരന്തങ്ങളിൽ ഇരയാവുന്നവരെ പറ്റിയും അവരുടെ പുനരധിവാസത്തെപ്പറ്റിയും തീർച്ചയായും ചിന്തിക്കണം. എന്നാൽ ആർഭാടജീവിതംകൊണ്ട് പ്രകൃതിയെ രോഗാതുരമാക്കുന്ന മനുഷ്യന്റെ ധൂർത്തും ആർഭാടവും പരമാവധി കുറയ്ക്കുന്നതിനെ പറ്റി ചിന്തിക്കാതെ ദുരിതബാധിതരുടെ പുനരധിവാസത്തെ മാത്രം ശ്രദ്ധിച്ചാൽ ദുരന്തങ്ങൾ വിട്ടുമാറാതെ ഭാവിയിലും ആവർത്തിക്കും എന്ന് ഓർക്കുക.

ഇവിടെ ലാളിത്യം സംബന്ധിച്ച ചർച്ച നിവൃത്തികേടുള്ളവരുടെ ആശ്വാസത്തിനുവേണ്ടി നൽകുന്ന ഉപദേശമായി മനസ്സിലാക്കരുത്. ഇത് സമൂഹം അടിസ്ഥാനപരമായി ഉൾക്കൊള്ളേണ്ട ജീവിതവ്യതിയാനവും മാതൃകയുമാണ്. ഉദ്ദേശ്യപൂർവ്വമായ ലാളിത്യ (intentional simplicity) വും തിരഞ്ഞെടുക്കുന്ന പരിവർജ്ജനവും (voluntary abstinence) പരിസര സമ്മർദ്ദ തിരയോളങ്ങളെ പ്രതിരോധിച്ച് സ്വതന്ത്രതീരുമാനങ്ങൾ എടുക്കുവാനുള്ള ആഹ്വാനമായി മനസ്സിലാക്കണം. യേശുവിന്റെ ജീവിതത്തിൽ നിന്നും നാം സ്വായത്തമാക്കേണ്ട മൂല്യവ്യവസ്ഥകൾക്ക് വിധേയപ്പെടുവാനുള്ള ബോധപൂർവ്വമായ ഒരുക്കമായി ഇതിനെ തിരിച്ചറിയണം. മനുഷ്യന് വില നിശ്ചയിക്കുന്നത് പുറംപകിട്ടാർന്ന ആർഭാടജീവിതമല്ല. വിശ്വാസ-ധാർമ്മിക മൂല്യങ്ങളുടെ അടിസ്ഥാനത്തിലുള്ള അർത്ഥവത്തായ ജീവിതശൈലിയാണ്. ചുറ്റുപാടുകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്ക് വിധേയമായി ജീവിതം രൂപപ്പെടുത്തി വിശ്വാസജീവിതം നയിക്കാൻ ആവില്ല. ലളിതജീവിതം നാം തിരഞ്ഞെടുക്കുമ്പോൾ മനുഷ്യന്റെ സ്വാതന്ത്ര്യവും പ്രകൃതിയുടെ നിലനിൽപ്പും മാത്രമല്ല ഉറപ്പിക്കുന്നത് പ്രത്യുത അർത്ഥവത്തായ ക്രിസ്തീയജീവിതവും ആത്യന്തികമായി നമ്മുടെ രക്ഷയും സഭയുടെ സാക്ഷ്യവുമാണ്.

*(തുടരും)*

സസ്നേഹം

നിങ്ങളുടെ
അത്താനാസിയോസ് തോമസ്
മെത്രാപ്പോലീത്ത

# ആർഭാടക്കാരന്റെ തിരിച്ചറിവ്

## ലൂക്കോ. 15:11–32

ഡോ. തോമസ് അത്താനാസിയോസ് മെത്രാപ്പോലീത്ത

യേശു പറയുന്ന ധൂർത്ത പുത്രന്റെ ഉപമ ആർഭാടം നടത്തിയവന്റെ തിരിച്ചറിവിന്റെ കഥ കൂടിയാണ്. ഇളയ പുത്രൻ തനിക്കു ലഭിച്ച സമ്പത്ത് മുഴുവൻ ധൂർത്തടിച്ചു എന്നാണ് നാം അവിടെ വായിക്കുന്നത്. അവൻ ആർഭാടം പ്രകടിപ്പിച്ചത് താൻ ഒരു ധനാഢ്യൻ ആണ് എന്ന ധാരണ സൃഷ്ടിച്ച് തന്റെ പ്രതിച്ഛായ വർദ്ധിപ്പിച്ച് ശ്രദ്ധയാകർഷിച്ച് ആരാധ്യനാകുവാനാണ്. എന്നാൽ അത് പ്രാവർത്തികമായത് പണം ഉണ്ടായിരുന്ന കാലത്തു മാത്രമാണ്. കിട്ടിയ ധനം കൊണ്ട് ആർഭാടമായി കഴിഞ്ഞ് ദരിദ്രനായി. പന്നി മേയ്ക്കുന്ന തൊഴിലാണ് അവന് ജീവൻ നിലനിർത്താൻ കിട്ടിയത്. അവിടെ പന്നിക്ക് തീറ്റയായി കൊടുത്തിരുന്നത് വാളവരയാണ്. അത് പ്രോട്ടീൻ സമൃദ്ധമായ ഒരു തരം കായയാണ്. മാംസ വർദ്ധനയ്ക്ക് പന്നിക്ക് കൊടുത്തു വന്നിരുന്നതാണത്. ദരിദ്രർ മാംസ്യക്കുറവ് നികത്താൻ ഭക്ഷിച്ചിരുന്നതും ഇതാണ്. എന്നാൽ അതുപോലും അവന് ആവശ്യത്തിന് കിട്ടിയിരുന്നില്ല. അതായത് അവന് പന്നിക്ക് കിട്ടേണ്ട പരിഗണനപോലും കിട്ടിയില്ല. കാരണം പന്നിക്ക് വിപണിയിൽ നല്ല വില കിട്ടിയിരുന്നു. ഉത്പാദനക്ഷമതയില്ലാത്ത മനുഷ്യന് വിലയില്ല. മാർക്കറ്റ് മൂല്യപ്രകാരം തന്നെക്കാൾ പന്നിക്ക് വിലയുണ്ട് എന്ന് മനസ്സിലാക്കിയപ്പോഴാണ് തന്റെ ഭവനത്തിൽ നിലനിൽക്കുന്നത് വ്യത്യസ്ത മൂല്യവ്യവസ്ഥയാണ് എന്ന് അവന് തിരിച്ചറിയാനായതും മടങ്ങിപ്പോകാൻ പ്രേരകമായതും. തിരിച്ചുപോക്കിന് പ്രേരകം ആയത് അപ്പനോടുള്ള സ്നേഹമായിരുന്നു എന്ന് പറയാനാവില്ല; തനിക്ക് മാർക്കറ്റ് മൂല്യപ്രകാരം പന്നിയുടെ വിലപോലും ഇല്ല എന്ന തിരിച്ചറിവും പിതാവിന്റെ ഭവനത്തിൽ അടിമകൾപോലും അനുഭവിച്ച മനുഷ്യന്റെ ഉയർന്ന വിലയുമാണ്. അവനെ പുനർചിന്തയ്ക്ക് വിധേയമാക്കുന്നത് മൂല്യവ്യവസ്ഥയിലെ വ്യത്യാസത്തിന്റെ തിരിച്ചറിവാണ്. അതാണ് അവനെ വീണ്ടെടുപ്പിലേക്ക് നയിച്ചത്. ആർഭാടങ്ങളിൽ നഷ്ടപ്പെട്ടുപോകുന്ന നൈതിക/മാനുഷിക മൂല്യങ്ങളെപ്പറ്റിയുള്ള വീണ്ടുവിചാരം നമുക്കില്ലാതാകുന്നതാണ് പ്രശ്നം എന്ന് ധൂർത്തപുത്രന്റെ ജീവിതം സൂചിപ്പിക്കുന്നു. ആർഭാട ജീവിതത്തിന്റെ അനന്തരാവസ്ഥയെപ്പറ്റി അവനിൽ ഉദിച്ച തിരിച്ചറിവ് തന്റെ ജീവിതത്തിന്റെ അവസ്ഥാന്തരങ്ങൾ വിശകലനം ചെയ്യുവാൻ ധൂർത്തപുത്രന് പ്രേരകമായി. അത് അവനെ സ്വതന്ത്രനാക്കി. നഷ്ടപ്പെടുത്തിയതിന്റെ മൂല്യത്തെപ്പറ്റിയുള്ള ബോധം അവന്റെ മടങ്ങിപ്പോക്കിന് പ്രേരകമായി. അപ്പന്റെ സ്നേഹസമൃദ്ധി അവന് തിരികെക്കിട്ടുകയും അനുഭവമാകുകയും ചെയ്തു.

### മർത്തമറിയം വനിതാസമാജം ഏകദിന ധ്യാനയോഗം

കണ്ടനാട് ഈസ്റ്റ് ഭദ്രാസന മർത്തമറിയം വനിതാസമാജത്തിന്റെ അഭിമുഖ്യത്തിൽ ഏകദിന ധ്യാനയോഗം 2024 സെപ്റ്റംബർ 21 ശനിയാഴ്ച വരിക്കോലി സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വച്ച് നടത്തപ്പെടും. രാവിലെ 9.30 ന് അംഗങ്ങളുടെ രജിസ്ട്രേഷനോടെ ആരംഭിക്കുന്ന യോഗം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യും. മർത്തമറിയം സമാജം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ഏലിയാസ് മണ്ണാത്തിക്കുളം അദ്ധ്യക്ഷത വഹിക്കും. തുടർന്ന് 'നിന്റെ വചനം എന്റെ കാലിന് ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു' (സങ്കീർത്തനം 119:105) എന്ന വിഷയത്തെ അടിസ്ഥാനമാക്കി കോട്ടയം ബസേലിയോസ് കോളേജ് മുൻ പ്രിൻസിപ്പാൾ ഡോ. ജാൻസി തോമസ് ധ്യാനം നയിക്കും. ബൈബിൾ ക്ലാസിന് ഫാ. ബിനോയ് ജോൺ നേതൃത്വം നൽകും. തുടർന്ന് ഫാ. അജീഷ് ബാബു രചിച്ച 'നനവുള്ള തീരങ്ങൾ' എന്ന പുസ്തകം മെത്രാപ്പോലീത്ത പ്രകാശനം ചെയ്യും. ഫാ. എബ്രഹാം കാരാമേൽ പുസ്തകം പരിചയപ്പെടുത്തും. ഉച്ചഭക്ഷണത്തിനുശേഷം കണ്ടനാട് ഭദ്രാസന മർത്തമറിയം വനിതാസമാജം സെക്രട്ടറിയായിരുന്ന തങ്കമ്മ ദാനിയേലിന്റെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ എവർ റോളിംഗ് ട്രോഫിക്കു വേണ്ടിയുള്ള ഭദ്രാസനതല ബൈബിൾ ക്വിസ് മത്സരം നടക്കും. ഭദ്രാസനത്തിന്റെ വിവിധ മേഖലയിൽ നിന്നുള്ള മത്സരാർത്ഥികൾ അതിൽ പങ്കാളികളാവും. സമ്മാനദാനത്തോടെ 3.30 ന് യോഗം പര്യവസാനിക്കും. യോഗത്തിന്റെ നടത്തിപ്പിനായി വരിക്കോലി പള്ളി വികാരി ഫാ. ജോസ് എബ്രഹാം, സമാജം ഭദ്രാസന സെക്രട്ടറി ശ്രീമതി മിനി ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

# ആദിമസഭയിൽ വി. പത്രോസിന്റെയും വി. പൗലൊസിന്റെയും പങ്ക്

ഫാ. ഏലിയാസ് കെ. വി.

**ആ**മുഖം

വി. കുർബ്ബാനയിലെ 4-ാം തുബ്ദേനിൽ "ശ്ലീഹന്മാരിൽ തലവന്മാരായ ഉന്നതപ്പെട്ട മാർ പത്രോസിനെയും മാർ പൗലൊസിനെയും" എന്ന് ഇരുവരേയും ചേർത്താണ് നാം മദ്ധ്യസ്ഥതയണയ്ക്കുന്നത്. പരിശുദ്ധ സഭ ഇവർ രണ്ടുപേരുടെയും ഓർമ്മ ഒരുമിച്ച് ജൂൺ 29ന് ആഘോഷിക്കുന്നു. സഭയുടെ കാനോനിക നോമ്പുകളിൽ ഒന്നായ ശ്ലീഹാ നോമ്പ് (13 നോമ്പ്) അവസാനിക്കുന്നത് ഇവരുടെ ഓർമ്മ ദിനം ആചരിച്ചാണ്. പരി. സഭ ഇവർക്കു നൽകുന്ന പ്രാധാന്യം എത്രമാത്രം എന്നതിന്റെ സൂചനയാണിത്. അതുകൊണ്ട് ആദിമ ക്രൈസ്തവ സഭയിലെ ഇവരുടെ സ്ഥാനം അറിയുന്നത്, നമ്മുടെ വിശ്വാസ യാത്രയ്ക്ക് വളരെ ഊർജ്ജം നൽകും.

**1. വി. പത്രോസ് ശ്ലീഹാ**

**A. സുവിശേഷങ്ങളിൽ**

സുവിശേഷങ്ങളിൽ പത്രോസിനെ നാം കാണുന്നുണ്ട്. യേശു തന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ തന്നോടുകൂടെ ആയിരിപ്പാൻ വിളിക്കുന്ന ശിക്ഷ്യന്മാരിൽ ആദ്യത്തേത് പത്രോസ് ആണെന്ന് സമവീക്ഷണ സുവിശേഷങ്ങളിൽ നാം വായിക്കുന്നു (വി. മത്താ. 4:18-20; വി. മർക്കൊ. 1:16-18; വി. ലൂക്കൊ. 5:1-11). ഈ വിവരണങ്ങൾ എല്ലാം ഗലീല കടൽക്കരെ വച്ചു സംഭവിക്കുന്നതായി നാം വായിക്കുന്നു. എന്നാൽ നാലാം സുവിശേഷത്തിൽ യോഹന്നാൻ സ്നാപകന്റെ ശിക്ഷ്യന്മാരിൽ ഒരുവനായ അന്ത്രെയോസ്, തന്റെ സഹോദരനായ ശീമോനെ യേശുവിന്റെ അടുക്കൽ കൂട്ടിക്കൊണ്ടു ചെല്ലുന്നതായാണ് വായിക്കുന്നത് (വി. യോഹ. 1:35-42). കർത്താവിന്റെ അപ്പോസ്തോലന്മാരുടെ പേരുകൾ കൊടുത്തിരിക്കുന്ന പട്ടികയിൽ എല്ലായിടത്തും ആദ്യം കാണുന്ന പേര് പത്രോസിന്റേതാണ് (വി. മത്താ. 10:1-4; വി. മർക്കൊ. 3:13-19; വി. ലൂക്കൊ. 6:12-16; അ. പ്രവ. 1:13). പന്തിരുവരിൽ കർത്താവിനോടു കൂടുതൽ ചേർന്നു നിൽക്കുന്ന മൂവരിൽ ഒരുവനും പത്രോസാണ്. മറ്റു രണ്ടുപേർ സെബദി മക്കളായ യാക്കോബും യോഹന്നാനുമാണ് (മൂന്നു സന്ദർഭങ്ങളിൽ കർത്താവ് തന്റെ പരസ്യശുശ്രൂഷയിൽ ഈ മൂവരെ മാത്രം കൂടെ ചേർക്കുന്നു. (1) പള്ളി പ്രമാണി യായിറൊസിന്റെ മകളെ സുഖപ്പെടുത്തുമ്പോൾ. വി. മർക്കൊ. 5.37, ലൂക്കൊ. 8:51, (2) മറുരൂപമലയിൽ. മർക്കൊ. 9:2-8; മത്താ. 17:1-8; ലൂക്കൊ. 9:28-36. (3) ഗത്സെമനയിലെ പ്രാർത്ഥനയിൽ മത്താ. 26:37, മർക്കൊ. 14:33). പത്രോസിനെയും യോഹന്നാനെയും മാത്രം കാണുന്ന സന്ദർഭങ്ങളും സുവിശേഷങ്ങളിൽ വായിക്കാം. (1) പെസഹാ ഒരുക്കുവാൻ അയയ്ക്കപ്പെടുന്നു (ലൂക്കൊ. 22:8) (2) കർത്താവിന്റെ പ്രിയ ശിഷ്യൻ യോഹന്നാൻ എങ്കിൽ, അവനോടൊപ്പം യേശുവിനെ ബന്ധിച്ച് കൊണ്ടുപോകുമ്പോൾ മഹാപുരോഹിതന്റെ നടുമുറ്റത്ത് പ്രവേശിക്കുന്നു (യോഹ. 18:15) (3) കർത്താവിന്റെ കല്ലറയിൽ നിന്ന് കല്ല് നീക്കിയതായി മഗ്ദലനമറിയം അറിയിക്കുമ്പോൾ കല്ലറയിലേക്കോടുന്നു (യോഹ. 20:3-4).

ഈ ഭാഗങ്ങളെല്ലാം കർത്താവിന്റെ ശിക്ഷ്യഗണങ്ങളിൽ പത്രോസിന്റെ പ്രാമുഖ്യത്തെ സൂചിപ്പിക്കുന്നതാണ്.

പന്തിരുവരുടെ പ്രതിനിധിയായി കർത്താവിനോട്/ഗുരുവിനോട് ഇടപെടുന്നവനായും സുവിശേഷകർ പത്രോസിനെ അവതരിപ്പിക്കുന്നുണ്ട് (മത്തായി 15:15; 19:27; ലൂക്കൊ. 12:41; യോഹ. 6:67-68).

ഇങ്ങനെ അപ്പോസ്തോല സമൂഹത്തിന്റെ പ്രതിനിധിയും കാര്യദർശിയുമായി പ്രവർത്തിക്കുമ്പോൾ തന്നെ വലിയ വീഴ്ചകളിലേയ്ക്കു പോകുന്ന പത്രോസിനെയും സുവിശേഷങ്ങളിൽ നാം കാണുന്നുണ്ട്. യേശു, ജനം തന്നെ ആരെന്നു പറയുന്നു എന്ന് ചോദിച്ചശേഷം നിങ്ങൾ (അപ്പോസ്തോലന്മാർ) ഞാനാരെന്നാണ് പറയുന്നത് എന്നു ചോദിക്കുമ്പോൾ പത്രോസ് 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു' എന്ന് മറുപടി കൊടുക്കുന്നുണ്ട് (മത്തായി 16:13-20, മർക്കൊ. 8:27-33; ലൂക്കൊ. 9:18-22). എന്നാൽ തൊട്ടുപിന്നാലെ, കർത്താവ് താൻ അനുഭവിക്കുവാൻ പോകുന്ന പീഡാനുഭവത്തെക്കുറിച്ച് പറയുമ്പോൾ പത്രോസ്, അവനെ മാറ്റി നിർത്തി ശാസിക്കുകയാണ് (മത്താ. 16:21-24; മർക്കൊ. 8:31-33).

കർത്താവിന്റെ മറുരൂപാനുഭവത്തിലെ ജ്വലിക്കുന്ന പ്രകാശവും മോശ, ഏലിയാവ് എന്നിവരുടെ സാന്നിദ്ധ്യവും കാണുമ്പോൾ താഴ്വാരങ്ങളിലെ വ്യഥയനുഭവിക്കുന്ന മനുഷ്യരെ മറക്കുന്നവനായി പത്രോസ് മാറുന്നുണ്ട് (മർക്കൊ. 9:5, മത്താ. 17:4; ലൂക്കൊ. 9:33). അഥവാ ഇവിടെയും പത്രോസ് ക്രിസ്തുവിന്റെ മനുഷ്യാവതാര പദ്ധതി തിരിച്ചറിയാതെ പോകുന്നു.

കർത്താവിനെ ബന്ധിച്ച് ന്യാ

യാധിപ സവിധം കൊണ്ടുപോകുമ്പോൾ അകലം പാലിച്ച് പിന്നാലെ ചെല്ലുന്ന പത്രൊസിനോട് വ്യത്യസ്ത വ്യക്തികൾ, 'നീ അവനോടു കൂടെ ഉണ്ടായിരുന്നവൻ' എന്ന് പറയുമ്പോൾ ഞാൻ ആ മനുഷ്യനെ അറിയുന്നില്ല എന്ന് മൂന്നുവട്ടം തള്ളിപ്പറയുന്നുമുണ്ട് (യോഹ. 18:17, 25, 26; ലൂക്കൊ. 22:56-59; മർക്കൊ 14:66-71; മത്താ. 26:69-74).

വീണ്ടും, കർത്താവിന്റെ ക്രൂശീകരണവും പുനരുത്ഥാനവും കഴിഞ്ഞശേഷം, കർത്താവിന്റെ പുനരുത്ഥാനത്തിന് സാക്ഷിയായ പത്രൊസ്, തന്റെ പഴയ തൊഴിലിലേയ്ക്കു മടങ്ങുന്നതും സുവിശേഷത്തിൽ നാം വായിക്കുന്നുണ്ട് (യോഹ. 21:1-3).

ഇങ്ങനെ സുവിശേഷ രചയിതാക്കൾ അവതരിപ്പിക്കുന്ന പത്രൊസ് തികച്ചും സാധാരണക്കാരനായ, മനുഷ്യനാണ്. അവനെയാണ് കർത്താവ് ആദ്യം ശിഷ്യത്വത്തിലേയ്ക്കു വിളിച്ചത്. കർത്താവിന്റെ ശിഷ്യന്മാരിൽ ഏറ്റവും അടുത്തവരായ മൂവരിൽ ഒരുവനാണ്. മറ്റു ശിഷ്യന്മാരെ പ്രതിനിധീകരിക്കുന്നവനാണ്. ദിവ്യഅറിവിന്റെ പ്രഘോഷകനാണ്. ഇങ്ങനെയൊക്കെയെങ്കിലും വലിയ വീഴ്ചകൾക്കും, പിഴവുകൾക്കും വഴിപ്പെട്ടുപോകുന്നവനുമാണ്. ക്രിസ്തുവിനെ മനസ്സിലാക്കാതെ പോകുന്നുണ്ട് പലപ്പോഴും. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം, ആദിമസഭയിലെ പത്രൊസിന്റെ പങ്ക് എന്തെന്ന് ഇനി നമുക്ക് പരിശോധിക്കാം.

**B. അപ്പോസ്തോല പ്രവൃത്തികളിൽ പത്രൊസ്**

അപ്പോസ്തോല പ്രവൃത്തികൾ പ്രധാനമായും പത്രൊസിനെയും പൗലൊസിനെയും കേന്ദ്രീകരിച്ചാണ് രചിക്കപ്പെട്ടിരിക്കുന്നത്. 1-12 അദ്ധ്യായങ്ങളിൽ പത്രൊസിന്റെ പ്രവർത്തനങ്ങളും 13-28 ഭാഗങ്ങളിൽ പൗലൊസിന്റെ പ്രവർത്തനങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. 1-ാം ഭാഗത്ത് 7:58;8:3 ഭാഗങ്ങളിലും 9:1-18 ഭാഗത്തും പൗലൊസിനെ (ശൗലിനെ)ക്കുറിച്ച് പറയുന്നുണ്ട്. അതുപോലെ, രണ്ടാം ഭാഗത്ത് 15-ാം അദ്ധ്യായത്തിൽ (വാ. 7-11) പത്രൊസിനെയും പരാമർശിക്കുന്നുണ്ട്.

ആദിമ സഭയിലെ പത്രൊസിന്റെ പ്രവർത്തനങ്ങളെ വിലയിരുത്താം.

**1. പത്രൊസ് യരുശലേമിൽ** (1:1-6:7).

കർത്താവു വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മാവിനെ പ്രാപിക്കുവാൻ മാളികമുറിയിൽ കാത്തിരുന്നവരിൽ ആദ്യം പേരുപറയപ്പെടുന്ന വ്യക്തി പത്രൊസാണ് (1:13). അവിടെ കൂടിയിരുന്ന നൂറ്റിയിരുപതുപേരിൽ നിന്ന്, പന്തിരുവരിൽ നഷ്ടപ്പെട്ട യൂദാ ഈസ്കര്യോത്തായ്ക്കു പകരം ഒരാളെ തെരഞ്ഞെടുക്കുവാൻ നേതൃത്വം നൽകുന്നതും പത്രൊസ് ആണ് (1:15). തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്കുവേണ്ട യോഗ്യത പ്രഖ്യാപിക്കുന്നതും പത്രൊസ് തന്നെ (1:21-22). അതായത് യേശുവിന്റെ സ്വർഗ്ഗാരോഹണശേഷം ക്രിസ്തുവിന്റെ അനുയായികളായി ഒന്നിച്ചുചേർന്ന ചെറുസംഘത്തിന്റെ നേതാവായി പത്രൊസ് അംഗീകാരം നേടിയെന്നു വേണം മനസ്സിലാക്കാൻ.

പെന്തിക്കോസ്തിനാളിൽ പരിശുദ്ധാത്മാവാസം ഉണ്ടായ ശേഷം അടച്ചിട്ട മുറിയിൽ നിന്ന് പുറത്തിറങ്ങി യരുശലേമിൽ പെരുന്നാളിനു തടിച്ചുകൂടിയിരുന്ന വിവിധ ദേശങ്ങളിൽ നിന്നുവന്ന ജനത്തോട് പ്രവചനങ്ങൾ ഉദ്ധരിച്ച് ക്രിസ്തുവിനെ സാക്ഷിക്കുന്നതും ക്രിസ്തു സഭയ്ക്ക് ആരംഭം കുറിക്കുന്നതും പത്രൊസാണ് (2:14 മു.). ഇവിടെ പതിനൊന്നു പേരോടു കൂടെ നിന്നുകൊണ്ട് പത്രൊസ് സംസാരിക്കുന്നു. ഇതിന്നർത്ഥം പത്രൊസ് മറ്റ് അപ്പോസ്തോലന്മാരുടെ കൂടെ പ്രതിനിധിയാണ് എന്നുതന്നെ. മാത്രവുമല്ല ഇവിടെ പത്രൊസ് പ്രാഗത്ഭ്യത്തോടെ ക്രിസ്തുവിനെ സാക്ഷിക്കുകയാണ്. സുവിശേഷങ്ങളിലെപ്പോലെ അരുതാത്തത് പറയുന്നില്ല. പത്രൊസിന്റെ വാക്കുകൾ മറ്റുള്ളവരെ സ്വാധീനിക്കും വിധം പ്രാഗത്ഭ്യമുള്ളതാണ്. പരിശുദ്ധാത്മാവാസം പത്രൊസിൽ അതിനു മാത്രം മാറ്റം വരുത്തി. അതുകൊണ്ട് ഈ വചനം കേട്ട ജനത്തിനു ഹൃദയത്തിൽ കുത്തുകൊണ്ടു. ഇനി എന്തുചെയ്യേണ്ടു എന്നവർ അന്വേഷിച്ചു; അവർ സ്നാനമേറ്റു; സഭയ്ക്കു തുടക്കം കുറിച്ചു.

പത്രൊസും യോഹന്നാനും കൂടി ദേവാലയത്തിൽ പ്രാർത്ഥിക്കുവാൻ പോകുന്നു. അപ്പോൾ സുന്ദരം എന്ന ഗോപുരവാതിൽക്കലെ മുടന്തനായ മനുഷ്യനെ സൗഖ്യമാക്കുന്നു (3:1-10). ഇവിടെ സൗഖ്യം നൽകുന്നത്, അഥവാ അവനെ വലങ്കൈയ്ക്കു പിടിച്ച് എഴുന്നേൽപ്പിക്കുന്നത് പത്രൊസാണ് (3:6-7). യായിറൊസിന്റെ മകളെ സൗഖ്യമാക്കുന്നിടത്തെ കർത്താവിനോടു ചേർന്നുള്ള മൂന്നു ശിഷ്യന്മാരുടെ സാന്നിദ്ധ്യം താരതമ്യം ചെയ്താൽ, സൗഖ്യം നൽകിയത് കർത്താവ്, മൂവരും സാക്ഷി. ഇവിടെ സൗഖ്യം പത്രൊസിലൂടെ, യോഹന്നാൻ സാക്ഷി. കർത്താവിന്റെ ഭൗതികമായ അസാന്നിദ്ധ്യത്തിൽ ആ സ്ഥാനം ഏറ്റെടുക്കുന്ന വ്യക്തിയായി മാറുന്നു പത്രൊസ്. ഈ സംഭവത്തിനു ശേഷം ശലോമോന്റെ മണ്ഡപത്തിൽ വച്ച് ജനത്തോട് സംവദിക്കുന്നതും പത്രൊസാണ്. ഇതിന്റെ ഫലമായി സഭയിലേക്ക് കൂടുതൽ പേർ ചേർന്നു (4:4). ഇവിടെ ശ്രദ്ധിക്കേണ്ട ഒരുകാര്യം ഈ രോഗസൗഖ്യത്തെ പത്രൊസ് തന്റെ പേരിനും പ്രശസ്തിക്കുമായി ഉപയോഗിച്ചില്ല; എല്ലാ മഹത്വവും മാനവും ക്രിസ്തുവിനു നൽകിയെന്നതാണ്. യേശുവിന്റെ ഭാഗം ഏറ്റെടുത്തു; എന്നാൽ പൂർണ്ണമായി അവനിൽ ആശ്രയിച്ചു. സ്വന്തമഹിമയ്ക്കായി ശ്രമിച്ചില്ല.

*ശേഷം 12-ാം പേജിൽ*

# ശിഷ്യൻ: പാനപാത്രത്തിന്റെ പങ്കുകാരൻ

## വി. മർക്കോസ് 10:35 – 45

ഫാ. സിബി മാത്യു വർഗീസ്

**വ**ള്ളം, വല, അപ്പൻ... ഒന്നാമത്തേത് ആർജ്ജിച്ചെടുത്ത സ്വത്ത്, രണ്ടാമത്തേത് ജീവനോപാദി, മൂന്നാമത്തേത് സ്വത്വം (Identity) തന്നെയാണ്. എല്ലാം നഷ്ടപ്പെടുത്തി മൂന്നര വർഷം ഒട്ടിച്ചേർന്നു കൂടെ നടന്നു, അതിന്റെ പേരിൽ ആരുടെയൊക്കെ വായിൽ നിന്നും എന്തെല്ലാം കേട്ടു. ഇന്നിതാ തങ്ങളുടെ ഗുരു രാജാവാകുന്നു എന്നു കേൾക്കുമ്പോൾ ആ മന്ത്രിസഭയിൽ അംഗങ്ങളാകണമെന്ന് ആശിക്കുന്നത് അത്ര തെറ്റാണോ. പിന്നെ യേശുവിന്റെ കൊച്ചമ്മയായ ശലോമി മക്കൾക്കുവേണ്ടി ശുപാർശ ചെയ്യുന്നതും അത്ര വലിയ അപരാധമൊന്നുമല്ല. വെറുതെയല്ലല്ലോ, ഇത്രയും കാലം എല്ലാം ഉപേക്ഷിച്ചുകൂടെ നടന്നിട്ടല്ലേ. പിന്നെ താബോറിൽ നടന്ന മഹത്വീകരണത്തിന്റെ കാര്യം പത്രോസ് ഇത്തിരി പൊലിപ്പിച്ചു പറഞ്ഞും കാണും. ആരാണ് സന്തോഷം ആഗ്രഹിക്കാത്തത്?

But why? അതാണ് കർത്താവിന്റെ ചോദ്യം. എന്നിട്ടും എന്തേ... കാതങ്ങളേറെ കൂടെ ഒട്ടി നടന്നിട്ടും ഗുരുവിന്റെ ഉള്ളറിയാതെ പോയ ശിഷ്യസഹോദരങ്ങൾ. Do two travel together without knowing each other? പരസ്പരം മനസ്സിലാക്കാതെ രണ്ടുപേർക്കു ഒരുമിച്ചു യാത്ര ചെയ്യുവാൻ സാധിക്കുമോ... പിന്നില്ലേ, എത്ര കാലമായി നമ്മൾ അവനോടൊപ്പം യാത്രചെയ്യുന്നു. അതും അവനെ അറിയാതെ. Knowing is not simply knowing about Him rather an experience in Him. In Christ experience (En Christo). 'അങ്ങയുടെ മഹത്ത്വത്തിൽ, ഞങ്ങളിൽ ഒരാളെ അങ്ങയുടെ വലത്തും മറ്റേയാളെ ഇടത്തും ഇരിക്കാൻ അനുവദിക്കണം'. ഇതാണ് അവരുടെ ആവശ്യം. തികച്ചും ന്യായം, അതിലേറെ ദൈവീകവും ആത്മീയവും. ഗോൽഗോഥയിൽ കള്ളനും ചോദിച്ചത് ഇതുതന്നെയല്ലേ. ഇതെന്തൊരു പക്ഷഭേദമാണ്, ഒരു മുൻപരിചയവുമില്ലാത്ത പിടിച്ചുപറിക്കാരന് പറുദീസായും ഇക്കാലമത്രയും കൂടെ നടന്നവർക്ക് പരിഹാസവും ശാസനയും. കള്ളന്റെ ആവശ്യവും സെബദി മക്കളുടെ ആവശ്യവും ഒന്നാവാം, പക്ഷേ രണ്ടുപേരുടെയും മനോഭാവങ്ങൾ, ഉദ്ദേശശുദ്ധി എന്നിവയിൽ സാരമായ വ്യത്യാസമുണ്ട്. അവസാന നാഴികയിൽ ആണെങ്കിലും കള്ളന്റെ ബോധ്യങ്ങൾ, നിലപാടുകൾ ശക്തമാണ്. എന്റെ കർത്താവും, എന്റെ ദൈവവുമേ എന്നൊക്കെ പറയാനുള്ള അക്ഷരാഭ്യാസവും, ഭാഷാ വൈഭവവുമൊന്നും ആ പാവത്തിനില്ലെങ്കിലും കഴുമരത്തിൽ കിടന്നുകൊണ്ട് അവൻ പറഞ്ഞതിന്റെ പൊരുൾ അതുതന്നെയാണ്. സൂത്രത്തിൽ കാര്യം നേടാനുള്ള ശ്രമമായിരുന്നില്ല അത്, ആയിരുന്നെങ്കിൽ കൂടെയുള്ളവനെ തിരുത്താനോ, തെറ്റുകൾ ഏറ്റുപറയുവാനോ ഉള്ള സാഹസം (an adventurous affirmation) അവൻ കാണിക്കുകയില്ലായിരുന്നു. അവിടെയാണ് സെബദി മക്കൾക്ക് പിഴച്ചത്. സുവിശേഷകൻ ഈ സ്ഥലത്ത് മനഃപൂർവം അവരെ സെബദി മക്കളെന്നു പരിചയപ്പെടുത്തുവാണോ എന്നുപോലും സംശയമുണ്ട്. കാരണം, ക്രിസ്തു ശിഷ്യന്മാരായി പരിചയപ്പെടുത്തി അവതരിപ്പിക്കാവുന്ന ഒരു കാര്യമല്ലല്ലോ ഇത്. ശിഷ്യത്വത്തിന്റെ വില മറന്നുകൊണ്ട്, കേവലം സെബദി മക്കൾ മാത്രമായി അവർ തരം താഴുന്ന കാഴ്ചയാണിത്. ക്രിസ്തു ശിഷ്യരായ നാം ക്രിസ്താനുഭവങ്ങൾ ഇല്ലാത്ത കേവലം സഭാമക്കളായി അധഃപതിക്കുന്നത് വേണമെങ്കിൽ ഇതിനോട് ചേർത്തു വായിക്കാം.


Power (അധികാരം), Position (പദവി), Posession (കൈവശമുതൽ) ഇതെല്ലാം മനുഷ്യന്റെ വീഴ്ചയുടെ സ്വാഭാവിക കാരണങ്ങളാണ്. (ആദിമുതൽ ഇപ്പോഴും എപ്പോഴും എന്നേക്കും തന്നെ). കൂടെ നടന്നവന്മാരാരും ഇക്കാര്യത്തിൽ മോശമല്ലായിരുന്നു. അല്ലേൽ പിന്നെ സെബദി മക്കൾ ഇതു ചോദിക്കുമ്പോൾ ബാക്കിയുള്ളവർക്ക് അവരോട് അമർഷം തോന്നേണ്ട ആവശ്യമില്ലല്ലോ. 'അളിയാ, നമ്മളും ചുമ്മാതൊന്നുമല്ല കൂടെ നടന്നത്, ഇതിനൊക്കെ തന്നെയാ. അതുകൊണ്ട് അളിയന്മാര് കൂടുതൽ സ്മാർട്ടൊന്നും ആവേണ്ട' എന്നൊരു ചിന്ത സഹശിഷ്യന്മാരുടെ മനസ്സിലുണ്ടായി. (കൂടെ നടന്ന് സ്മാർട്ട് ആകുന്നവരിൽ നമ്മളും പെടും... പെടില്ലേ?? പെട്ടുപോകും, കാരണം ട്രെൻഡ് അതാണ്) പത്രോസ് നേരത്തേ ഇതു അവതരിപ്പിച്ചതുമാണല്ലോ... കൂടാരം, ഓർമ്മയില്ലേ. പിന്നെ അവസരം കിട്ടിയപ്പോൾ നൈസായി സെബദിയുടെ പിള്ളേരെ ഒന്നു ബലിയാടാക്കി, കർത്താവിന്റെ സ്വന്തക്കാരും കൂടെയല്ലേ. അപ്പൊ, ചെറിയൊരു ചവിട്ട്. ഇതൊക്കെ എല്ലായിടത്തും ഉണ്ട്, അന്നും ഇന്നും.

കർത്താവ് ചോദിച്ചു, നിങ്ങൾ ഇതെന്നാ പറയുന്നതെന്ന്

വല്ല ബോധ്യവുമുണ്ടോ? ഞാൻ കുടിക്കുന്ന പാനപാത്രം, ഞാൻ ഏൽക്കുന്ന സ്നാനം... അതിനുള്ള പാങ്ങുണ്ടോ നിങ്ങൾക്ക്? ഉവ്വ് കർത്താവേ, അവർ പറഞ്ഞു. പാനപാത്രം എന്നു കേട്ടപ്പോൾ വേറെ ഏതാണ്ടാണെന്ന് വിചാരിച്ചാണ് ഊവാന്നു മൂളിയത്. കർത്താവ് ചോദിച്ചു, എടേ നിങ്ങൾ ഇത് എന്തറിഞ്ഞിട്ടാണ്. പിന്നെ, ഞാൻ ഏൽക്കുന്ന സ്നാനത്തിൽനിന്നും, എന്റെ പാനപാത്രത്തിൽ നിന്നും നിങ്ങൾക്ക് ഒളിച്ചോടുവാൻ സാധിക്കില്ല, അത് വാസ്തവം തന്നെ. പക്ഷെ, എന്റെ ഇടതും, വലതുമൊക്കെ ആര് ഇരിക്കണം എന്നു തീരുമാനിക്കുന്നത് അപ്പനാണ്. എന്റെ സ്ഥാനം എവിടെ ആയിരിക്കണം എന്നതുപോലും തീരുമാനിക്കുന്നത് അപ്പനാടോ. അപ്പന്റെ ഹിതമാണ് എന്റെ ജീവിതം. (അതുകൊണ്ടല്ലേ ആ മകന്, അപ്പാ, എങ്കിലും എന്റെ ഹിതമല്ല നിന്റെ ഇഷ്ടത്തിനായി ഞാൻ വിധേയപ്പെടുന്നു എന്നു പറയാൻ സാധിച്ചത്) പിന്നീടുള്ള അവന്റെ സംഭാഷണം വളരെ വൈകാരികമായിരിക്കും എന്നാണ് എന്റെ ചിന്ത. അവൻ അവരുടെ കവിളിൽ രണ്ടു കയ്യും ചേർത്തു പിടിച്ചു അല്പം ഇടറിയ ശബ്ദത്തിൽ പറഞ്ഞു, നമ്മുടെ ഭരണാധികാരികൾ ഈ പാവങ്ങളുടെ മേൽ കുതിര കയറുന്നത് നിങ്ങൾ കാണുന്നില്ലേ. നിങ്ങളും അങ്ങനെയായാൽ ഞാൻ തകർന്നുപോകും. എത്ര ഉയരങ്ങളിൽ എത്തിയാലും നിങ്ങൾ ശുശ്രൂഷകരാണ്. സ്വർഗ്ഗം ചായിച്ചിറങ്ങി വന്നു, നിങ്ങളോടൊപ്പം, നിങ്ങളിൽ ഒരുവനായി ഞാൻ ജീവിച്ചത് അങ്ങനെയല്ലേ. എന്നിൽ ലയിക്കൂ (വസിക്കൂ). ഇതെല്ലാം കൂടി വെട്ടിപിടിച്ചു രാജാവകാനൊന്നും എനിക്ക് കഴിയില്ല, എന്റെ നിയോഗം അതല്ല... I will die as an utterly despised and powerless 'king'. (വെറുക്കപ്പെട്ട, ശേഷിയില്ലാത്ത രാജാവായി ഞാൻ കുരിശിൽ മരിക്കും) അതാണ് എന്റെ വഴി. അതുകൊണ്ട് നിങ്ങൾ അധികാരമോഹങ്ങളും, പദവിയുടെ പ്രാഭവങ്ങളും മറന്നു ശുശ്രൂഷ മനോഭാവം (ക്രിസ്തു മനോഭാവം, ക്രിസ്തു മനസ്സ്) സ്വീകരിക്കണം. പിന്നെ സ്ഥാനം; അത് ഞാൻ ഒരുക്കിക്കോളാം. ശിഷ്യന്റെ കുപ്പായം സ്ഥാനമാനങ്ങൾക്കോ, വിശേഷധികാരങ്ങൾക്കോ വേണ്ടിയുള്ള ടിക്കറ്റ് (pass) അല്ല, ഞാൻ ഒരു കൊച്ച് ക്രിസ്തുവാണെന്നുള്ള (a little Christ) പ്രഖ്യാപനമാണ്. പളുപളുത്ത കുപ്പായമിട്ട് മഹത്വത്തിൽ കാണുന്ന ക്രിസ്തുവല്ല... നീതിയുടെ പരിപാലനത്തിനുവേണ്ടി, മനുഷ്യ രക്ഷക്കുവേണ്ടി, എല്ലാത്തിലുമുപരി എന്നോടും നിന്നോടുമുള്ള അതിരില്ലാത്ത പ്രണയത്തെപ്രതി ചെളിപുരണ്ട്, പരിക്കേറ്റു, രക്തത്തിൽ കുളിച്ചുനിൽക്കുന്ന ക്രിസ്തു. ആ ക്രിസ്തുവിന്റെ പാനപാത്രത്തിൽ പങ്കുചേരാൻ കഴിയുമോ? അപ്പോൾ മാത്രമാണ് നാം ക്രിസ്തു ശിഷ്യരാകുന്നത്.

(ഗുരുക്കന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്: ശിഷ്യന്മാരുടെ ചോദ്യത്തോട് ഗുരുവിന്റെയൊരു സമീപനം തികച്ചും മാതൃകാപരമാണ്. ശരിക്കും വല്ലാത്തൊരു മനുഷ്യൻ തന്നെ. കഴിഞ്ഞ മൂന്നു മൂന്നര വർഷം എല്ലാമുപേക്ഷിച്ചു മുട്ടിയിരുമ്മി കൂടെ നടന്നിട്ട് ഒരു ചെറിയ ആവശ്യം പറയുമ്പോൾ എത്ര പക്വമായാണ് 'NO' പറയുന്നത്. പുത്തൻ കാലഘട്ടത്തിലെ ആത്മീയ ഗുരുക്കന്മാർ ക്രിസ്തുവിന്റെ നയം (strategy) മനസ്സിലാക്കേണ്ടത് തന്നെയാണ്. കുറച്ചുകാലം ചാവേറുകളെപ്പോലെ കൂടെ നടന്നു രാജാവാക്കി കഴിയുമ്പോൾ എന്നാ ചോദിച്ചാലും ചെയ്തുകൊടുക്കാം എന്നൊക്കെ വാക്കുകൊടുക്കുന്നത് അപക്വമാണ്. ചെയ്തുകൊടുത്തില്ലേലും ശിഷ്യനെ സുഖിപ്പിക്കാൻ 'നമുക്ക് നോക്കാം, വരട്ടെ' എന്നുപോലും ഗുരു ഇവിടെ പറയുന്നില്ല. ഇടത്തും വലത്തും കസേര കിട്ടാൻ ജയ് വിളിച്ചു നടക്കുന്ന ശിഷ്യന്മാർ സ്വാഭാവികം, സഭയിലും, സമൂഹത്തിലും. പക്ഷേ അതിന് വശംവദനാകാതെ അതിജീവിക്കാൻ കഴിയുകയെന്നതാണ് ഗുരുവിന്റെ കരുത്ത്. കാരണം അയാളുടെ സിംഹാസനം ആർക്കും മോഹന വാഗ്ദാനങ്ങൾ നൽകി നേടിയതല്ല.)

### പുതിയ പുസ്തകം




This book highlights the transformative potential of democratic Church and Christian community in India. In the light of both ongoing and, also to some extent, foregone sociopolitical and theological challenges confronting Indian Christianity, this book invokes the need to democratize Indian Christianity in terms of its theology, liturgy, teachings, practices, resources, leadership roles, and institutional power relations/sharing by keeping contemporary "social realities" of Indian Christians at the core of its approach and discourse. It explores internal challenges-of caste, class, gender, and regional contestations-and external forces of communalism and majoritarianism confronting Indian Christianity today.

*First Published 2024, by Routledge*
*4 Park Square, Milton Park, Abindon, Oxon OX14 4RN*

വനിതാപംക്തി

# ജീവിത നൈപുണികൾക്കൊരു മാതൃക

ജിജി ജോൺസൺ

**ജീ**വിത നൈപുണികൾ (life skills) എന്നാൽ ഓരോ വ്യക്തികളുടേയും നിത്യ ജീവിതത്തിലുണ്ടാകുന്ന വെല്ലുവിളികളെ പക്വതയോടെ നേരിടുവാനും സ്വയം പരിഹാരം കണ്ടെത്തുവാനുമുള്ള കഴിവുകളാണ്. ലോകാരോഗ്യ സംഘടന ഇവയെ നിർവചിച്ചിരിക്കുന്നത് (WHO) ഇപ്രകാരമാണ്. 'The abilities for adaptive and positive behaviour that enable individuals to deal effectively with the demands that challenges of everyday life'. പ്രധാനമായും പരിശീലിപ്പിക്കുന്ന life skills: self awareness, Empathy, problem solving, decision making, critical thinking, creative thinking, coping with emotions, coping with stress, interpersonal relationship, communication തുടങ്ങിയവയാണ്.

ഇന്നത്തെ ജീവിത പശ്ചാത്തലത്തിൽ മനുഷ്യർ പലതരത്തിലുള്ള പിരിമുറുക്കങ്ങളിലൂടെയും പ്രശ്ന സങ്കീർണമായ സാഹചര്യങ്ങളിലൂടേയുമാണ് കടന്നുപോയ്കൊണ്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ അവയെ നേരിടാൻ ജീവിത നൈപുണികളുടെ പരിശീലനം വളരെ സഹായകമാണ്. ഒരു വ്യക്തി ശിശുവായിരിക്കുമ്പോൾ ഭവനാന്തരീക്ഷത്തിലാരംഭിക്കുന്ന ഈ പരിശീലനം വിദ്യാഭ്യാസ മേഖലയിൽ നിന്നും വിവിധ ജീവിതാനുഭവങ്ങളിൽ കൂടിയും ആണ് ആർജിച്ചെടുക്കുന്നത്. ഇന്ന് ശാസ്ത്രീയമായി പരിശീലിപ്പിക്കുന്ന ഈ ജീവിത നൈപുണികൾ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ നമ്മെ കാണിച്ച് മാതൃകയായത് മറ്റാരുമല്ല പരിശുദ്ധ ദൈവമാതാവാണ്. ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളാണല്ലോ ദൈവമാതാവിനെ ഏറ്റവും കൂടുതൽ ഓർക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത്. ധ്യാനത്തിനും ചിന്തക്കും അപ്പുറം മാതാവ് ജീവിതത്തിൽ അനുവർത്തിച്ച ശൈലിയാണ് നാം പകർത്തേണ്ടത്. മാതാവിന്റെ ജീവിതത്തിലൂടെ നമുക്കൊന്ന് കണ്ണോടിക്കാം.

ആദ്യമായി നാം മാതാവിനെ കാണുന്നത് ലൂക്കോ:1:26-38 ൽ ആണ്. ഗബ്രിയേൽ മാലാഖയുമായുള്ള സംഭാഷണം നടക്കുന്നു. തന്റെ ജീവിതത്തിലെ നിർണ്ണായകമായ തീരുമാനം എടുക്കേണ്ടി വരുന്നു. പെട്ടന്നൊരു തീരുമാനം ആയിരുന്നില്ല. തീർത്തും അപ്രതീക്ഷിതമായ ഒരു വിളിക്ക് ഉത്തരം നൽകണമെങ്കിൽ അതിന് തനിക്ക് ബോധ്യം വരുന്ന ഒരുവിശദീകരണം ആവശ്യമായിരുന്നു. അതുകൊണ്ട് അവൾ തിരിച്ച് ചോദ്യം ചോദിക്കുകയും മാലാഖ തക്ക ഉത്തരങ്ങൾ നല്കുകയും ചെയ്യുന്നു. ചോദ്യങ്ങൾ ചോദിക്കുന്നത് പലപ്പോഴും അഹങ്കാരമായും മറുതലിപ്പായുമൊക്കെയാണ് പലപ്പോഴും കാണുന്നത്. എന്നാൽ തീരുമാനമെടുക്കുന്നതിനു മുൻപ് (decision making) വിമർശനാത്മകമായി ചിന്തിച്ച് (critical thinking) ബോധ്യപ്പെടേണ്ടതുണ്ട്. അതാണ് മറിയാം അവിടെ ചെയ്തത്. മാലാഖയുടെ വിശദീകരണം അവൾക്ക് ബോധ്യപ്പെട്ടു. അവൾ തീരുമാനമെടുത്തു. അത് അവൾക്ക് സാധിച്ചത് താനാരാണെന്ന തിരിച്ചറിവും (self awareness) ദൈവിക കല്പനയോടുള്ള വിധേയത്വവും കൊണ്ടാണ്. സ്വയബോധ്യമുള്ളവർക്കാണ് ഇത്തരത്തിൽ സാധിക്കുന്നത്. പലപ്പോഴും ഈ തിരിച്ചറിവില്ലായ്മയാണ് എടുത്തുചാടി അബദ്ധത്തിലാകുന്നത്.

പിന്നീട് നാം മലനാട്ടിലേക്ക് തിടുക്കപ്പെട്ട് ഓടുന്ന മറിയാമിനെ കാണുന്നു (ലൂക്കൊ:1:39-55). മാലാഖയിൽ നിന്നും വാർദ്ധക്യത്തിലെത്തിയ തന്റെ ചാർച്ചക്കാരിയായ എലിസബത്ത് ഗർഭിണിയായ വിവരം അറിഞ്ഞപ്പോൾ അവൾ അവിടേക്ക് എത്തുന്നു. എലിസബത്തിന്റെ മാനസികാവസ്ഥ അവൾക്ക് മനസിലായി കാണും (Empathy). അവിചാരിത ഗർഭത്തിന്റെ ഉടമകൾ പരസ്പരം ആശ്ലേഷിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. ആശ്വാസത്തിന്റെ പ്രതിഫലനം സ്തോത്രഗാനത്തിലൂടെ നമുക്ക് കാണാം.

ക്ലേശകരമായ സാഹചര്യത്തിലാണെങ്കിലും മനസ്സ് സന്തോഷത്താൽ നിറയുന്നു. താൻ ജന്മം നൽകിയ മകൻ സാധാരണക്കാരനല്ലെന്ന് മറിയാമിനറിയാം. ശിശുവിനെ കാണാനും കാഴ്ചകൾ അർപ്പിക്കാനും വിദ്വാന്മാരും ഇടയന്മാരും എത്തിയപ്പോൾ ഹൃദയം ആനന്ദാതിരേകത്താൽ തുടിക്കുന്നുണ്ടെങ്കിലും എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചുകൊണ്ടിരുന്നു. സന്തോഷത്തിൽ മാത്രമല്ല, വൃദ്ധനായ ശിമയോൻ കുഞ്ഞിനെ കൈകളിലേന്തി പറഞ്ഞ പ്രവചനവാക്കുകൾ (ലൂക്കൊ. 2:29-35) പ്രാണനിലൂടെ വാൾ കടക്കുമെന്ന വാർത്തയും സംയമനത്തോടെ ഉൾകൊള്ളുന്നു (coping with emotions). പലപ്പോഴും സന്തോഷത്തിന്റെ പാരമ്യത്തിലും ഉത്കണ്ഠയും ഭയവും നമ്മെ ഗ്രസിക്കുകയും ചെയ്യുമ്പോൾ നമ്മുടെ പ്രതികരണം എന്തായിരിക്കും? ക്രൂശിൻചുവട്ടിലേക്ക് നടന്ന മറിയാം തന്റെ മകന്റെ വേദന എപ്രകാരമായിരിക്കും അനുഭവിച്ചിരിക്കുക? മുന്നറിയിപ്പുകളുണ്ടെങ്കിലും ഒരമ്മക്ക് മകന്റെ വേദനയും മരണവും കണ്ട് നിൽക്കാൻ കഴിയുമോ? ഇതാണ് coping with stress. ഇവയെല്ലാം സാധി

ക്കണമെങ്കിൽ അസാധ്യമായ ദൈവകൃപ ആവശ്യമാണ്. താനാരാണെന്ന തിരിച്ചറിവും (self awareness) ദൈവം തന്നെ ഏൽപ്പിച്ചിരിക്കുന്ന നിയോഗത്തെക്കുറിച്ചുള്ള ബോധവും അത് നിറവേറ്റാൻ ദൈവം തന്റെ കൂടെയുണ്ടാകുമെന്ന വിശ്വാസവുമുണ്ടെങ്കിൽ ഒരാശങ്കക്കും സ്ഥാനമില്ല.

ബന്ധങ്ങളുടെ ആഴവും (interpersonal relationship) മറ്റുള്ളവരുടെ ബുദ്ധിമുട്ടുകൾ മനസിലാക്കാനുള്ള കഴിവും (Empathy) പ്രശ്ന പരിഹാരത്തിനുള്ള വഴികളും (problem solving) കൃത്യമായ ആശയവിനിമയ പാടവവും (communication) നമ്മെ വരച്ചുകാണിച്ച് തരുന്നതാണ് കാനായിലെ സംഭവം. (യോഹ. 2:1–11). വിരുന്നിനിടെ ആ ഭവനത്തിലുണ്ടായ പ്രതിസന്ധി അവരെ എത്രമാത്രം പ്രയാ സത്തിലാക്കിയിട്ടുണ്ടാകും? എന്നാൽ മാതാവ് അത് മനസിലാക്കി തന്റെ മകനെ രഹസ്യമായി സമീപിക്കുന്നു. മകന്റെ നിയോഗത്തിലേക്കുള്ള ഒരോർമ്മപ്പെടുത്തൽ കൂടിയായിരിക്കാം അത്. മകന്റെ മറുപടി അത്ര ആശാവഹമായി തോന്നുന്നില്ലെങ്കിൽ കൂടി അമ്മ നിശബ്ദമായിഅടുത്ത പടിയിലേക്ക് കടന്ന് ശുശ്രൂഷക്കാർക്ക് നിർദ്ദേശം കൊടുക്കുന്നു. ഇത് കൃത്യമായ ആശയവിനിമയശേഷിയാണ്. അതിന് കാരണം അമ്മക്ക് മകനിലുള്ള വിശ്വാസവും അവർ തമ്മിലുള്ള ബന്ധത്തിന്റെ ആഴവും അത്ര വലുതാണ്. ചില സമയങ്ങളിൽ നിശബ്ദതയും ഒരു തരം ആശയവിനിമയമാണ്.

പെരുന്നാളുകൾ അവസാനിക്കുന്നതോടുകൂടി മാതാവിനെ കുറിച്ചുള്ള ധ്യാനങ്ങൾ അവസാനിക്കുന്നില്ല. ആകുലതയകറ്റാനും കാര്യസാദ്ധ്യത്തിനും മാത്രമായി മദ്ധ്യസ്ഥതക്കുള്ള ഉപകരണവുമല്ല. മറിച്ച് ജീവതത്തിൽ പകർത്തേണ്ട മാതൃകയാണ് പരിശുദ്ധ മാതാവ്. ഇന്ന് ശാസ്ത്രീയമായ പരിശീലന കളരികളിൽ ഉപയോഗിക്കുന്ന ഈ ജീവിത നൈപുണികൾ എത്രയോ മുൻപെ മാതാവ് നമുക്ക് തന്നിരിക്കുന്നു.

---

*8-ാം പേജ് തുടർച്ച...*

അനന്യാസിന്റെയും സഫീരയുടെയും സംഭവം വിവരിക്കുന്നിടത്ത്, അവരുടെ വ്യാജ പ്രവൃത്തി അതീന്ദ്രിയജ്ഞാനത്തിലൂടെ മനസ്സിലാക്കുന്ന പത്രോസിനെ കാണാം (5:1–11). കഫർന്നഹൂമിലെ വീട്ടിൽ എത്തിയ കർത്താവ് ശിക്ഷ്യന്മാരുടെ വഴിയിലെ തർക്കം സംബന്ധിച്ചറിഞ്ഞ കാര്യങ്ങൾ ചോദിക്കുന്നതിനെ ഇതോടു ചേർത്തുവായിക്കാം (മർക്കൊ. 9:33–37; ലൂക്കൊ. 9:46–47). യേശുവിനെപ്പോലെ അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ഒരു പത്രൊസിനെ 5:12–16 ഭാഗങ്ങളിൽ നാം കാണുന്നു (മർക്കൊ. 5:25–32; മത്താ. 9:20–22, ലൂക്കൊ. 8:43–48 ഭാഗങ്ങൾ താരതമ്യം ചെയ്യുക). ന്യായാധിപ സംഘം ശിക്ഷ്യന്മാരെ യേശുവിന്റെ നാമത്തിൽ ഉപദേശിക്കരുത് എന്ന് ശാസിക്കുമ്പോൾ, ശിക്ഷ്യന്മാരെ പ്രതിനിധീകരിച്ച് മറുപടി പറയുന്നത് പത്രോസാണ് (5: 27–32). യരുശലേമിലെ സഭയിൽ പ്രത്യേകാധികാരമുള്ള ഒരാളായിരുന്നു പത്രൊസ്. മറ്റ് അപ്പോസ്തോലന്മാരുടെ പ്രതിനിധിയും വക്താവും ആയിരുന്നു. യേശുക്രിസ്തുവിനെപ്പോലെ വീര്യപ്രവർത്തികൾ ചെയ്തിരുന്ന ആളാണ് പരിശുദ്ധാത്മാവിനാൽ രൂപാന്തരപ്പെട്ട, പ്രാഗത്ഭ്യത്തോടെ സംസാരിക്കുന്ന ശക്തനായ പത്രൊസ്, തന്നിലൂടെ നിറവേറപ്പെട്ട അടയാളങ്ങളുടെ അത്ഭുതങ്ങളുടെ മഹത്വം സ്വയമേൽക്കാതെ ഗുരുവിന് സമർപ്പിച്ചവൻ.

**2. പത്രൊസ് ശമര്യയിൽ (8:14 – 9:31)**

ഏഴു ശെമ്മാശന്മാരിൽ (6: 5–6) ഒരുവനായ ഫിലിപ്പൊസ് ആണ് ശമര്യയിൽ സുവിശേഷം അറിയിച്ചത് (8:6–8, 12–13). ശമര്യർ സുവിശേഷം കേട്ടു എന്നറിയുമ്പോൾ പത്രൊസും യോഹന്നാനും ശമര്യയിലേയ്ക്ക് വന്നു. അവിടെ മാമോദീസാ ഏറ്റവർക്ക് പരിശുദ്ധാത്മാവിനെ നൽകി. അങ്ങനെ യരുശലേമിൽ നിന്നും ശമര്യയിലേയ്ക്ക് ദൈവവചനം വ്യാപിക്കുന്നതിനുള്ള പാലമായി തീർന്നു. ആഭിചാരകനായ ശീമോനെ ദ്രവ്യം കൊണ്ട് പരിശുദ്ധാത്മാവിനെ വിലയ്ക്കു വാങ്ങാം എന്നു നിരൂപിച്ചതിനാൽ പത്രൊസ് ശാസിക്കുന്നു (8:18–25). ശമര്യയിലെ ഗ്രാമങ്ങളിൽ സഞ്ചരിച്ച് സുവിശേഷം അറിയിച്ചശേഷമാണ് അവർ യരുശലേമിലേയ്ക്കു മടങ്ങിയത്.

**3. പത്രൊസും ജാതികളും (9:32 – 12:25)**

യരുശലേമിലും ശമര്യയിലും ഒതുങ്ങി നിന്നിരുന്ന പത്രൊസിന്റെ ഇടയ ശുശ്രൂഷ ജാതികളുടെയിടയിലേയ്ക്കു വ്യാപിക്കുന്ന ചരിത്രമാണ് ഈ വേദഭാഗങ്ങളിൽ കാണുന്നത് ലുദ്ദയിൽ ഐനെയാസ് എന്ന പക്ഷവാതക്കാരനെ സൗഖ്യമാക്കി (9:32–35). യോപ്പായിൽ തബീഥായെ ഉയിർപ്പിച്ചു (9:36–42). ഇങ്ങനെ വീര്യ പ്രവൃത്തികൾ ചെയ്തുകൊണ്ടാണ് ജാതികളുടെ ഇടയിലെ പ്രവർത്തനങ്ങൾ പത്രൊസ് ആരംഭിക്കുന്നത്. കൈസര്യയിൽ കൊർന്നെല്യോസ് എന്ന ശതാധിപന്റെ വീട്ടിൽ കൂടിയ ജനത്തിന്റെ പരിവർത്തനമാണ് (അ. 10) ജാതികളുടെ ഇടയിലെ സുവിശേഷീകരണത്തിന് നാന്ദികുറിക്കുന്നത്. ഇത് പത്രൊസിലൂടെയാണ് സംഭവിക്കുന്നത്. ഇതിനെ ചോദ്യം ചെയ്തവരെ കാര്യങ്ങൾ വ്യക്തമാക്കിക്കൊടുത്ത് അംഗീകരിപ്പിക്കുവാൻ പത്രൊസിനു സാധിക്കുന്നുണ്ട് (11: 1–18). ഇതിന്റെ പരിണതിയിലാണ് യരുശലേം സുന്നഹദോസിൽ (അ. 15) പത്രൊസ് സംസാരിക്കുന്നതും ബർന്നബാസിന്റെയും പൗലൊസിന്റെയും വാദഗതികളെ അംഗീകരിക്കുന്നതും എന്നുവേണം മനസ്സിലാക്കാൻ.

*(തുടരും)*

# 1924-2024 ഒരു നൂറ്റാണ്ടിങ്ങനെ പെയ്തൊഴിയുന്നു

**എസ്. പി. രവി, ചാലക്കുടി**

*(പ്രശസ്ത പരിസ്ഥിതി ഗവേഷകൻ, ലേഖകൻ, ആക്ടിവിസ്റ്റ്, കേരള നദീസംരക്ഷണ സമിതിയുടെ പ്രസിഡന്റ്)*

**തൊ**ണ്ണൂറ്റിയൊൻപതിലെ വെള്ളപ്പൊക്കം എന്ന് അറിയപ്പെടുന്ന 1924 ജൂലൈ മാസത്തെ വെള്ളപ്പൊക്കത്തിന് നൂറു വയസ്സ് തികയുന്ന വേളയിൽ സമാനതകൾ ഇല്ലാത്ത മറ്റൊരു മഹാദുരന്തത്തിന് സാക്ഷ്യം വഹിക്കേണ്ടി വന്നിരിക്കുകയാണ് കേരളത്തിന്. ചൂരൽമലയും മുണ്ടക്കൈയും ഇനി ഏറെക്കാലം തീരാനോവായി കേരളത്തിന്റെ മനസ്സിൽ ഉണ്ടാകും. 2018 ൽ കേരളത്തിലുടനീളം ഉണ്ടായ പ്രളയത്തിലും നൂറുകണക്കിന് മലയിടിച്ചിലുകളിലും ഉരുൾപൊട്ടലുകളിലും ഉണ്ടായ ആകെ ജീവനാശത്തിൽ അധികം വയനാട്ടിലെ ഈയൊരു സംഭവത്തിൽ ഉണ്ടായി എന്നത് തന്നെ ദുരന്തത്തിന്റെ ആഴം സംബന്ധിച്ച സൂചകമാണ്.

കൊല്ലവർഷം 1099 ലെ മിഥുനത്തിന്റെ അവസാന നാളുകളിലും കർക്കടകത്തിന്റെ ആദ്യ നാളുകളിലും ആണ് പഴയ മൂന്നാറിനെ തകർത്തെറിഞ്ഞ കൊച്ചിയിലെയും തിരുവിതാംകൂറിലെയും മലബാറിലെയും നിരവധി ഇടങ്ങളെ വെള്ളത്തിൽ ആഴ്ത്തിയ 99 ലെ വെള്ളപ്പൊക്കം ഉണ്ടാകുന്നത്. അന്ന് വെള്ളം ഏറ്റവും ഉയർന്നത് 1924 ജൂലൈ 16, 17 തീയതികളിൽ ആണത്രേ.

വലിയ മഴ ലഭിക്കുന്ന ചെങ്കുത്തായ മലനിരകളും അവിടെ നിന്ന് ഉത്ഭവിക്കുന്ന നിരവധി പുഴകളും കൈവഴികളും ഉള്ള കേരളത്തിന് വെള്ളപ്പൊക്കം ഒരിക്കലും അപരിചിതമായിരുന്നില്ല. ചെറുതും ഇടത്തരവുമായ വെള്ളപ്പൊക്കങ്ങൾ പുഴയൊഴുക്കിന്റെ ഋതുചര്യയുടെ ഭാഗം തന്നെയായിരുന്നു. സ്ഥിരമായി വെള്ളപ്പൊക്കം ഉണ്ടാകുന്ന ഇടങ്ങളിലെ ജനങ്ങൾക്ക് അതിനെ നേരിടാനുള്ള സംവിധാനങ്ങളും ഉണ്ടായിരുന്നു. വെള്ളപ്പൊക്കത്തിൽ ദുരിതങ്ങൾ മാത്രമല്ല ഉണ്ടാകുന്നതെന്നും മലവെള്ളത്തിൽ ഒഴുകിയെത്തുന്ന എക്കലും പോഷണങ്ങളും കൃഷിയിടങ്ങളെയും മത്സ്യമേഖലയെയും സമ്പുഷ്ടമാക്കുന്നുണ്ട് എന്ന തിരിച്ചറിവും ജനങ്ങൾക്കുണ്ടായിരുന്നു. എങ്കിലും 99ലെ വെള്ളപ്പൊക്കം പോലെ വല്ലപ്പോഴും ഉണ്ടാകുന്ന പ്രളയങ്ങൾ അന്നും ഇന്നും വലിയ ദുരന്തങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

കേരളത്തിലെ പല നദികളും ഗതി മാറിയൊഴുകുന്നതിന് നിദാനമായി എന്ന് കരുതുന്ന 1341 ലെ വെള്ളപ്പൊക്കത്തിനുശേഷം ഒരുപക്ഷേ ഏറ്റവും വലുതായിരിക്കും 99 ലെ വെള്ളപ്പൊക്കം. മുതിർന്ന തലമുറയിൽപ്പെട്ടവർ ഈ വെള്ളപ്പൊക്കത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ധാരാളം കേട്ടിരിക്കും. എങ്കിലും ദുരന്തം സംബന്ധിച്ച് എഴുതപ്പെട്ട വിവരങ്ങൾ താരതമ്യേന പരിമിതമാണ്.

കൊല്ലവർഷം 1099 ലെ മിഥുനം-കർക്കിടകം മാസങ്ങളിലാണ്, 1924 ജൂലൈ മധ്യത്തിൽ ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ വെള്ളപ്പൊക്കത്തിന് കേരളം സാക്ഷ്യം വഹിച്ചത്. അന്ന് രണ്ടാഴ്ചയിലേറെ തുടർച്ചയായി പെയ്ത മഴയുടെ ഒടുവിൽ ആണത്രേ കേരളത്തിന്റെ വലിയൊരു ഭാഗം വെള്ളത്തിനടിയിൽ ആയത്. തൃശൂർ മുതൽ ആലപ്പുഴ വരെയുള്ള ജില്ലകളെയാണ് വെള്ളപ്പൊക്കം ഏറ്റവും ബാധിച്ചത്. മലബാറിലും അതിശക്തമായ വെള്ളപ്പൊക്കം തന്നെയായിരുന്നു. സമുദ്രനിരപ്പിൽ നിന്ന് 1500 മീറ്ററിൽ ഏറെ ഉയരമുള്ള മൂന്നാർ അന്ന് വെള്ളത്തിനടിയിലായി. കരിന്തിരിമല പൊട്ടിയടർന്ന് താഴേയ്ക്ക് വന്ന തോടെ കോതമംഗലം, തട്ടേക്കാട്, കുട്ടമ്പുഴ വഴി ഉണ്ടായിരുന്ന പഴയ ആലുവ-മൂന്നാർ റോഡ് പുനഃസ്ഥാപിക്കുന്നത് ഏറെ ബുദ്ധിമുട്ട് ആയിരുന്നതിനാൽ കോതമംഗലത്തു നിന്ന് നേര്യമംഗലത്ത് കൂടി പുതിയ റോഡ് പണിയുകയായിരുന്നു. ഇത് 1931 ൽ പൂർത്തിയായി. അന്ന് വെള്ളപ്പൊക്കത്തിൽ കുണ്ടളവാലി മോണോറെയിൽ പൂർണ്ണമായും തകർന്നു. ഇത് പിന്നീട് പുനഃസ്ഥാപിച്ചില്ല. ആയിരം പേർക്കെങ്കിലും അന്നത്തെ വെള്ളപ്പൊക്കത്തിൽ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട് (കൃത്യമായ കണക്കുകൾ ലഭ്യമല്ല). ആലുവയിൽ മാക്സിമം ഫ്ളഡ് ലെവലിനെക്കാൾ ആറടി ഉയരത്തിലാണ് വെള്ളം ഒഴുകിയത്. ആലുവ-പെരുമ്പാവൂർ റോഡിൽ പത്തടി ഉയരത്തിൽ വെള്ളം ഉണ്ടായിരുന്നു.

തുടർച്ചയായി പെയ്ത അതിശക്തമായ മഴയാണ് അന്ന് വെള്ളപ്പൊക്കത്തിലേക്ക് നയിച്ച പ്രധാന ഘടകം. ജൂലൈ മധ്യത്തിൽ ദേവികുളത്തും തലയാറിലും പീരുമേട്ടിലും എല്ലാം അതിതീവ്രമായ മഴയായിരുന്നു. നാലു ദിവസത്തിൽ 105

സെന്റീമീറ്റർ മഴയാണ് പെയ്തത്. ദേവികുളത്ത് ജൂലൈ 16 ന് 47.5 സെന്റീമീറ്റർ മഴ രേഖപ്പെടുത്തി. തലയാറിൽ രണ്ടുദിവസം തുടർച്ചയായി 60 സെന്റീമീറ്ററിന് മുകളിലായിരുന്നു മഴ. ആ വർഷം ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലവർഷക്കാലത്ത് 3368 മില്ലി മീറ്റർ മഴയാണ് സംസ്ഥാനത്ത് പെയ്തത്. ഇത് ശരാശരിയെക്കാൾ 64 ശതമാനം അധികമായിരുന്നു.

കനത്ത മഴയ്ക്കൊപ്പം അന്ന് കേരളത്തിൽ നിലവിൽ ഉണ്ടായിരുന്ന ഒരേയൊരു അണക്കെട്ട് ആയ മുല്ലപ്പെരിയാറിൽ നിന്നും വലിയ തോതിൽ വെള്ളം തുറന്നുവിട്ടതും പെരിയാറിലെ ജലനിരപ്പ് റെക്കോർഡ് ഉയരത്തിൽ എത്തുവാൻ കാരണമായി.

മറവിയിലേക്ക് മാഞ്ഞു തുടങ്ങിയിരുന്ന 99 ലെ വെള്ളപ്പൊക്കത്തെ വീണ്ടും ഓർമ്മപ്പെടുത്തിയത് 2018 ലെ പ്രളയമാണ്. രണ്ട് വെള്ളപ്പൊക്കങ്ങൾ തമ്മിലുള്ള താരതമ്യങ്ങളും അവയുടെ സമാനതകളും ചർച്ച ചെയ്യുന്ന നിരവധി ലേഖനങ്ങൾ എഴുതപ്പെട്ടു. കേന്ദ്ര ജല കമ്മീഷന്റെ റിപ്പോർട്ടിൽ പോലും ഈ വെള്ളപ്പൊക്ക സമയങ്ങളിൽ പെയ്ത മഴയുടെ താരതമ്യം ഉണ്ടായിരുന്നു. രണ്ട് സമയത്തും വെള്ളപ്പൊക്കം ഏറ്റവും മോശമായി ബാധിച്ചത് മധ്യകേരളത്തെ ആയിരുന്നു. 99 ൽ കേരളത്തിൽ ഉണ്ടായിരുന്ന ഒരേയൊരു അണക്കെട്ട് തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന് രൂക്ഷത വധിച്ചുവെങ്കിൽ 2018 ൽ തുറന്നുവിട്ടത് 35 ഓളം അണക്കെട്ടുകളിൽ നിന്നുള്ള വെള്ളമാണ്.

റെക്കോർഡ് താപനില രേഖപ്പെടുത്തിയ വേനലിനുശേഷമാണ് ഇത്തവണ കാലവർഷം എത്തിയത്. ശരാശരിയിലും അല്പം ഉയർന്ന മഴയാണ് കാലാവസ്ഥ വകുപ്പ് പറയുന്നത്. കാലവർഷത്തിന്റെ ആദ്യപകുതി കേരളത്തിൽ പൊതുവേ സജീവമായിരുന്നു. ഇതുവരെ ലഭിച്ച മഴയുടെ അളവ് ദീർഘകാല ശരാശരിയുടെ അടുത്ത് നിൽക്കുന്നതാണ്, ജൂൺ 1 മുതൽ ജൂലൈ 31 വരെ ദീർഘകാല ശരാശരിയുടെ 96 ശതമാനം (ഇതിൽ ജൂലൈ അവസാനവാരത്തിൽ ശരാശരിയുടെ 79% അധികം മഴയാണ് ലഭിച്ചത്). എന്നാൽ ഇതിനിടയിൽ പല സമയങ്ങളിൽ പലയിടങ്ങളിൽ അതിതീവ്ര മഴ രേഖപ്പെടുത്തി. കാലവർഷം തുടങ്ങുന്നതിന് തൊട്ടുമുമ്പുതന്നെ കളമശ്ശേരിയിൽ മേഘവിസ്ഫോടനം ഉണ്ടായി. (ഒരു മണിക്കൂർ 10 സെന്റീമീറ്റർ അതിൽ അധികവും മഴ ലഭിക്കുമ്പോൾ ആണ് മേഘവിസ്ഫോടനമായി കണക്കാക്കുന്നത്) 24 മണിക്കൂറിൽ 40 സെന്റീമീറ്റർ അധികം മഴയാണ് വയനാട്ടിൽ ദുരന്തം ഉണ്ടാക്കിയ മേഖലയിൽ ലഭിച്ചത്. ഒരു ദിവസത്തിൽ 20–30 സെന്റീമീറ്റർ മഴ പലയിടത്തും ലഭിച്ചിട്ടുണ്ട്. അതിതീവ്രമായ മഴയുടെ സംഹാരശേഷിയുടെ നേർചിത്രങ്ങൾ ആയിരുന്നു 1924 ലെയും 2018 ലെയും വെള്ളപ്പൊക്കങ്ങൾ.

നമ്മുടെ മേഘങ്ങളുടെയും മഴയുടെയും സ്വഭാവം ഇപ്പോൾ വല്ലാതെ മാറിയിട്ടുണ്ട്. നേരത്തെ അപൂർവ്വമായി മാത്രം പെയ്തിരുന്ന ഇത്തരം അതിതീവ്രമായ കാലാവസ്ഥ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ രീതി ആവുകയാണ് എന്നാണ് കഴിഞ്ഞ അഞ്ചാറു വർഷങ്ങളിലെ അനുഭവം പറയുന്നത്. അതിനാൽ തന്നെ വെള്ളപ്പൊക്കവും ഉരുൾപൊട്ടലും എല്ലാം എവിടെയും എപ്പോഴും സംഭവിക്കുന്നവിധം പ്രവചനാതീതമായിരിക്കുന്നു നമ്മുടെ കാലാവസ്ഥ.

• നമ്മുടെ മഴ നിരീക്ഷണം ഏറെ വിപുലപ്പെടേണ്ടതുണ്ട്. കേന്ദ്ര കാലാവസ്ഥ വകുപ്പ് നൽകുന്ന മുന്നറിയിപ്പുകളെ മാത്രം ആശ്രയിച്ച് മുന്നോട്ടുപോകാൻ ആകില്ല എന്നാണ് അനുഭവങ്ങൾ പറയുന്നത്. മഴയുടെയും പുഴകളിലെയും തോടുകളുടെയും ജലനിരപ്പിന്റെയും തത്സമയ നിരീക്ഷണത്തിനോടൊപ്പം ഓരോ ഘട്ടത്തിലും കൈക്കൊള്ളേണ്ട മുൻ കരുതൽ നടപടികൾ സംബന്ധിച്ച വ്യക്തമായ ധാരണകൾ ഉണ്ടാക്കുകയും പ്രാവർത്തികമാക്കുകയും വേണം.

• മലയിടിച്ചിലും ഉരുൾപൊട്ടലും വെള്ളപ്പൊക്കവും എല്ലാം ബാധിക്കാൻ ഇടയുള്ള പ്രദേശങ്ങൾ സൂക്ഷ്മമായി മാപ്പ് ചെയ്യപ്പെടേണ്ടതാണ്. 2010 ൽ തയ്യാറാക്കിയ ഭൂപടം മാത്രമാണ് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സൈറ്റിൽ ഇപ്പോഴുള്ളത്.

പ്രാദേശിക തലത്തിൽ ഉപയോഗപ്പെടുത്താവുന്ന സ്കെയിലിൽ വേണം ഈ മാപ്പുകൾ എന്നതും പ്രധാനമാണ്. നമ്മൾ രേഖപ്പെടുത്തിയിട്ടുള്ളതിനെക്കാൾ ഉയർന്ന മഴ ഈ പ്രദേശങ്ങളിൽ പെയ്യുകയാണെങ്കിൽ ഉണ്ടാകുന്ന ആഘാതങ്ങൾ പഠിക്കണം, പരിഹാര സാധ്യതകൾ തേടണം.

• 1924 നെ അപേക്ഷിച്ച് വനാവരണം നഷ്ടപ്പെട്ടത് മൂലവും പാറ ഖനനം കൊണ്ടും കൂടുതൽ ദുർബലമായ പശ്ചിമഘട്ട മലനിരകളാണ് നമുക്കുള്ളത് എന്നത് പ്രത്യേകം ശ്രദ്ധിക്കണം.

• പുഴ തീരങ്ങളിലും പ്രളയ തടങ്ങളിലും പലയിടത്തും നിർമ്മിതികളാണ് എന്നതും ഓർക്കണം. പെയ്ത വെള്ളം മാത്രം കൊണ്ട് വെള്ളപ്പൊക്കം ഉണ്ടാകുന്ന നഗര മേഖലകളിലെ ഡ്രൈനേജ് സംവിധാനങ്ങൾ വരാനിരിക്കുന്ന വലിയ മഴകളെ ഉൾക്കൊള്ളാൻ ആവുന്ന വിധത്തിൽ നവീകരിക്കണം.

• വെള്ളത്തിന് ഒഴുകുവാ

നുള്ള വഴി അടച്ചുകെട്ടി കൊണ്ടുള്ള റോഡ്, കെട്ടിട നിർമ്മാണങ്ങൾ പൂർണ്ണമായും നിർത്തിയേ മതിയാവൂ.

• 2018 ലെയും 19 ലെയും വെള്ളപ്പൊക്കങ്ങൾക്കുശേഷം വലിയ ചില അണക്കെട്ടുകൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുന്നുണ്ട്.

• ഇത് എല്ലാ അണക്കെട്ടുകൾക്കും ബാധകമാക്കേണ്ടതുണ്ട്. ചാലക്കുടി പുഴ തടത്തിൽ ഇക്കഴിഞ്ഞ ദിവസം ഉണ്ടായ വെള്ളപ്പൊക്കത്തിൽ പ്രതിസ്ഥാനത്ത് നിൽക്കുന്നത് അണക്കെട്ട് കൈകാര്യം ചെയ്ത രീതി തന്നെയാണ്. ഒന്നിലധികം അണക്കെട്ടുകൾ ഉള്ള പുഴകളിൽ സംയോജിത പരിപാലനത്തിനുള്ള പ്ലാനുകളും ഉണ്ടാവണം.

• ദുരന്തനിവാരണ സംവിധാനങ്ങൾ തീർച്ചയായും നേരത്തെ അപേക്ഷിച്ച് മെച്ചപ്പെട്ടിട്ടുണ്ട്. എങ്കിലും ഇനിയും ഏറെ മെച്ചപ്പെടേണ്ടതുണ്ട്.

ആഴ്ചകളോളം തുടർച്ചയായി പെയ്ത മഴയ്ക്ക് ഒടുവിലാണ് 1924 ൽ മൂന്നാറിൽ കരിന്തിരി മല തകർന്നുവീണത്. എന്നാൽ 100 വർഷത്തിനിപ്പുറം ഒന്നോ രണ്ടോ ദിവസത്തെ അതിതീവ്ര മഴപോലും അതിഭീകരമായ ദുരന്തങ്ങളിലേക്ക് നയിക്കാവുന്ന അവസ്ഥയിലാണ് കേരളം എത്തിനിൽക്കുന്നതെങ്കിൽ നമ്മുടെ ജീവിതരീതികളും വികസന സങ്കൽപ്പങ്ങളും പൊളിച്ച് എഴുതിയ മതിയാകു. ഇല്ലെങ്കിൽ നമുക്ക് ഓർക്കാൻ പോലും കഴിയാത്ത ദുരന്തങ്ങൾ ആയിരിക്കാം കാലം ഒരുക്കുന്നത്. അതിനിടവരാതിരിക്കട്ടെ. ദുരന്തപാഠങ്ങൾ ഇനിയെങ്കിലും നമുക്ക് ഉൾക്കൊള്ളാം. അതിനനുസരിച്ച തിരുത്തലുകൾ വരുത്താം.

*കടപ്പാട്: പാഠഭേദം മാസിക*
*(2024 ഓഗസ്റ്റ് ലക്കം)*

## ഏകദിന ക്യാമ്പ്

കണ്ടനാട് ഈസ്റ്റ് ഭദ്രാസനം കൂത്താട്ടുകുളം മേഖല OCYM ഏകദിന ക്യാമ്പ് പാലക്കുഴ സെന്റ് ജോൺസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാന ത്തിന്റെ നേതൃത്വത്തിൽ പാലക്കുഴ സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് 10-08-2024 ൽ നടത്തപ്പെട്ടു. പാലക്കുഴ പള്ളി വികാരി ഫാ. ജോയി കടുകുമ്മാക്കിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വടകര പള്ളി വികാരി ഫാ. ഏലിയാസ് ജോൺ മണ്ണാത്തിക്കുളം ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു. യുവജനങ്ങളുടെ ഉണർന്നുള്ള പ്രവർത്തനങ്ങൾ പരിശുദ്ധ സഭയ്ക്കും ഈ കാലഘട്ടത്തിനും എത്രമാത്രം ആവശ്യമായിരിക്കുന്നു എന്നതിനെ സംബന്ധിച്ച് അദ്ധ്യക്ഷനും ഉദ്ഘാടകനും അവരവരുടെ പ്രസംഗങ്ങളിൽ വിവരിച്ചു. കണ്ടനാട് ഈസ്റ്റ് ഭദ്രാസനം OCYM വൈസ് പ്രസിഡന്റ് ഫാ. എൽദോ ജോൺ ആശംസകൾ അറിയിച്ചു. ഫാ. മാത്യൂസ് ചെമ്മനാപാടം (വികാരി, സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി, മാറിക), ഫാ. റെജി അലക്സാണ്ടർ (വികാരി, സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി മണ്ണത്തൂർ), ഫാ. അജീഷ് ബാബു (സഹവികാരി, സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി വടകര) എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു. തുടർന്ന് 'അമിത രാഷ്ട്രീയവത്കരണവും യുവതലമുറയുടെ ഭാവിയും' എന്ന വിഷയത്തിൽ നടത്തിയ സംവാദത്തിൽ ഫാ. ഗീവർഗീസ് ബേബി വിഷയം അവതരിപ്പിച്ചു. ക്യാമ്പ് അംഗങ്ങൾ ചർച്ചകൾ നടത്തുകയും അവരവരുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുകയും ചെയ്തു. ഭരണഘടനയെപ്പറ്റിയും രാജ്യത്തെ നിലവിലുള്ള സാമൂഹ്യ/നിയമ വ്യവസ്ഥിതികളെ പറ്റിയും അവബോധം നൽകുവാൻ സംവാദത്തിന് സാധിച്ചു. പിന്നീട് 'സമ്മർദ്ദ ലഘൂകരണവും പ്രശ്നപരിഹാരങ്ങളും' എന്ന വിഷയത്തിൽ ശ്രീമതി ജിജി ജോൺസൺ ക്ലാസ്സ് നയിച്ചു. ക്യാമ്പ് അംഗങ്ങളുടെ സംശയ നിവാരണങ്ങളും പ്രതികരണങ്ങളും ക്ലാസ് സജീവമാക്കി. ഉച്ചയ്ക്കുശേഷം ക്വിസ് & ഗെയിംസ് നടത്തപ്പെട്ടു. ക്വിസ് പ്രോഗ്രാമിന് ശ്രീ. സാജു പീറ്റർ നേതൃത്വം നൽകി. ക്വിസ് & ഗെയിംസിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം വടകര, ചോരക്കുഴി, പാലക്കുഴ യുവജന പ്രസ്ഥാനങ്ങൾ കരസ്ഥമാക്കി. മേഖലയിലെ എല്ലാ ഇടവകകളിലെയും ആദരണീയരായ വൈദീക ശ്രേഷ്ഠരുടെ സാന്നിധ്യവും യുവജനപ്രസ്ഥാന പ്രവർത്തകരുടെ പങ്കാളിത്തവുംകൊണ്ട് ഏകദിന കാമ്പ് വിജയകരമായി പര്യവസാനിച്ചു.

## വിദ്യാർത്ഥി പഠന ശിബിരം


കണ്ടനാട് ഈസ്റ്റ് ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ബിരുദ ബിരുദാനന്തര വിദ്യാർഥികൾക്കുള്ള ഒരു ത്രിദിന ക്യാമ്പ് പൂജാ അവധി ദിവസങ്ങളിൽ നടത്തപ്പെടുന്നു. (2024 ഒക്ടോബർ 11,12,13, വെള്ളി, ശനി, ഞായർ )കണ്യട്ട് നിരപ്പ് സെന്റ് ജോൺസ് ഓർത്തഡോക്ൾസ് സുറിയാനി പള്ളി ക്യാമ്പിന് ആതിഥേയത്വം വഹിക്കും. Christian youth in a Digital world: A Faith Response. എന്ന താണ് പഠന ശിബിരത്തിന്റെ ചിന്താവിഷയം. ഭദ്രാസനത്തിലെ എല്ലാ ഇടവകളിൽ നിന്നും രണ്ട് പ്രതിനിധികൾ വീതം ഈ ക്യാമ്പിൽ പങ്കെടുക്കും. രജിസ്ട്രേഷനും വിശദവിവരങ്ങൾക്കുമായി താഴെ പ്പറയുന്ന നമ്പറിൽ ബന്ധപ്പെടുക.

ഫാ. റ്റുബി ബേബി- 9446806318, ഫാ. അബി ഉലഹന്നാൻ- 9744628565

RNI No. KERMAL/2012/46014
Registered. Reg. No. KL/ALY/0067/2022-2024

Date of Publication 15/09/2024
Price Rs. 10/-






## പുസ്തക പ്രകാശനം

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ വൈദികനും വടകര സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിലെ സഹപട്ടക്കാരനും സഭാ ചരിത്ര ഗവേഷകനുമായ ഫാ. അജീഷ് ബാബു രചിച്ച 'നനവുള്ള തീരങ്ങൾ' എന്ന പുസ്തകം 2024 സെപ്റ്റംബർ 21-ാം തീയതി ശനിയാഴ്ച വരിക്കോലി സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വച്ച് നടക്കുന്ന മർത്തമറിയം വനിതാസമാജം സമ്മേളനത്തിൽ വച്ച് പ്രകാശനം ചെയ്യുന്നു. മഷിക്കൂട്ട് പ്രസാദനം നിർവ്വഹിച്ച ഈ കൃതിക്ക് അവതാരിക എഴുതിയിരിക്കുന്നത് ഫാ. ബോബി ജോസ് കപ്പൂച്ചിൻ അച്ചനാണ്. ഈ പുസ്തകം സഭയുടെ പുസ്തക ശാലകളിൽ നിന്ന് ലഭിക്കുന്നതാണ്.

## ജോർജിയൻ ബാറ്റ്മിന്റൺ ടൂർണ്ണമെന്റ് 2024

പെരിയാമ്പ്ര സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെ യുവജനപ്രസ്ഥാനമായ 'യൂത്ത് ഫോർ ജീസസി'ന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾക്കായി 'ജോർജിയൻ ബാറ്റ്മിന്റൺ ടൂർണ്ണമെന്റ്' നടത്തി. പുരുഷ-വനിതാ വിഭാഗങ്ങളിലും സൺഡേസ്കൂൾ ബോയ്സ്-ഗേൾസ് എന്നീ വിഭാഗങ്ങളിലും ആണ് മത്സരം നടത്തിയത്. 24 ടീമുകൾ പങ്കെടുത്ത വാശിയേറിയ ഈ മത്സരം ഇടവക ഒന്നടങ്കം സ്വീകരിച്ചു. ഓഗസ്റ്റ് 25 ന് പുരുഷ വിഭാഗത്തിന്റെ മത്സരവും ഓഗസ്റ്റ് 31 ന് വനിതാവിഭാഗത്തിന്റെ മത്സരവും നടത്തപ്പെട്ടു. ഇടവക വികാരി ഫാ. എം. ജേക്കബ്, ഒ. സി.വൈ.എം. മേഖല പ്രസിഡന്റ് ഡീ. ലിജിൻ ജോൺ, ഡീ. ബേസിൽ ജോയി, യൂത്ത് ഫോർ ജീസസ് ഭാരവാഹികൾ എന്നിവർ ടൂർണ്ണമെന്റിന് നേതൃത്വം നൽകി. മത്സരത്തിൽ വിജയികളായവർക്ക് മണക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. എസ്. ജേക്കബ് ക്യാഷ് പ്രൈസും ട്രോഫിയും നൽകി അനുമോദിച്ചു.

## വൈദീക പഠന സദസ്സ്

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ വൈദീകർക്കും വൈദീക വിദ്യാർത്ഥികൾക്കുമായി എല്ലാ മാസവും നടത്തി വരുന്ന വൈദീക പഠന സദസ്സ് 2024 ഓഗസ്റ്റ് മാസം 20-ാം തീയതി ചൊവ്വാഴ്ച പാമ്പാക്കുട സമന്വയ സെന്ററിൽ വച്ച് നടന്നു. അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗ് രാവിലെ 10 മണിക്ക് ആരംഭിച്ചു. ഫാ.അജീഷ് ബാബു, ഫാ. എൽദോ ജോയി എന്നിവർ വേദപഠനങ്ങൾ നടത്തി. തുടർന്ന് 'ക്രിസ്തുവിന്റെ ക്രൂശുമരണവും മനുഷ്യരക്ഷയും' എന്ന വിഷയത്തെ സംബന്ധിച്ചുള്ള പഠനത്തിന് അഭിവന്ദ്യ തിരുമേനി നേതൃത്വം നൽകി. ഈ മാസത്തെ പഠന സദസ്സ് 2024 സെപ്റ്റംബർ മാസം 17-ാം തീയതി ചൊവ്വാഴ്ച കണ്യാട്ടുനിരപ്പ് സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടക്കും.




Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha-686 661, Ph: 0485 2832401
Managing Editor: P. J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha, Ph: 9846869426